3 2 5 8 7. 6 10

വലിയ തമ്പുരാൻ

തിരുമനസ്സുകൊണ്ട്.

സർ ശ്രീരാമവർമ്മ, ജി. സി. ഐ. ഇ.
തിരുമനസ്സിലെ ജീവചരിത്രം.

ഗ്രന്ഥകർത്താവ്

സി. കുഞ്ഞിരാമമേനോൻ.

1094 കന്നി 19-ാംനു-
ഷഷ്ടിപൂർത്തിസ്മാരകമായി
പ്രസിദ്ധപ്പെടുത്തിയത്.

PRINTERS AND PUBLISHERS

THE MANGALODAYAM CO., LTD., TRICHUR.

(Copy Right.)

മുഖവുര.

ഈ പുസ്തകത്തിന്ന് ഒരു മുഖവുരയുണ്ടാക്കുവാൻ ആവശ്യമുണ്ടെന്നു തോന്നുന്നില്ല. നമ്മുടെ വലിയ തമ്പുരാൻതിരുമനസ്സിലെ നേരെയുള്ള അകൈതവമായ ഭക്തിബഹുമാനങ്ങളും, ഇപ്പോൾ യശോമാത്രശേഷനായ ഒരു പുരുഷകേസരിയുടെ ആജ്ഞയും മാത്രമാണ് അസ്വാസ്ഥ്യത്തിലിരിക്കുന്ന എന്നെ ഈ ഉദ്യമത്തിലേക്കു പ്രേരിപ്പിച്ചത്.

ഈ ഉദ്യമം സഫലമാക്കുവാൻ ആവശ്യമായ വിവരങ്ങൾ ശേഖരിച്ചുതന്നു സഹായിച്ച സി. പരമേശ്വരമേനോൻ (ബി.എ.) അവർകളോടും കരട് പകർപ്പുകൾ പരിശോധിച്ചു ശരിപ്പെടുത്തിയ പണ്ഡിതർ കുറിപ്പുറത്ത് കേശവൻനായരവർകളോടും ഞാൻ വളരെ കടപ്പെട്ടിട്ടുണ്ട്. സാമുദായികമായ നിലനില്പിന്നും കൂട്ടുകെട്ടിന്നും ആവശ്യമായ രാജഭക്തി പൊതുജനങ്ങളിൽ ഉണ്ടാക്കിത്തീർക്കുന്നതിന്ന് ഈ പ്രസിദ്ധീകരണം ഉപകരിക്കുന്നുവെങ്കിൽ ഞാൻ കൃതാർത്ഥനായി. എന്ന്

തൃശ്ശിവപേരൂർ,
5—2—94.

സി. കെ. ആർ. എം.

അനുക്രമണികം.

പൂർവ്വഭാഗം.

ജനനം	ഭാഗം	1
ബ്രഹ്മചര്യം	,,	6
ഗൃഹസ്ഥാശ്രമം	,,	16

ഉത്തരഭാഗം.

സ്ഥാനാരോഹണം	,,	32
ധനാഗമമാർഗ്ഗങ്ങൾ	,,	40
ഭരണചിഹ്നം	,,	48
കൃഷിവ്യവസായങ്ങൾ	,,	49
സഹായംഭരണസഭകൾ	,,	54
ആതുരസംരക്ഷണം	,,	59
യുദ്ധം	,,	60
നിയമനിർമ്മാണം	,,	62
വിശേഷസംഭവങ്ങൾ	,,	62
ദൽഹിയാത്ര	,,	65
ദിനചര്യ	,,	71
ഉപസംഹാരം	,,	75

———:o:———

സർ ശ്രീ രാമവർമ്മ, ജി. സി. ഐ. ഇ.,

കൊച്ചി വലിയ തമ്പുരാൻ തിരുമനസ്സുകൊണ്ട്.

കൊച്ചി

വലിയതമ്പുരാൻ

തിരുമനസ്സുകൊണ്ട്.

പൂർവ്വഭാഗം.

ജനനം.

"യദ്യപി ഭൂതിമരസതം ശ്രീമദ്ഭിർജ്ജിതമേവവാ
തത്തദേവാവഗച്ഛേയം മമതേജോംശസംഭവം"

"രാജാവു ദേവാംശജനാകുന്നു." "രാജാവു പ്രത്യക്ഷദൈവതമാകുന്നു" എന്നാണ് നമ്മുടെ പണ്ടുള്ളവരുടെയുള്ള വിശ്വാസം. "രാജാവായി വാഴുന്നതുകൊണ്ടു മാത്രം ഒരാളെ ദിവ്യനെന്നോ മറ്റോ പറയുന്നതു മൌഢ്യമാകുന്നു" എന്നും "രാജാവും ഒരു മനുഷ്യനെ അപേക്ഷിച്ചുള്ളു" എന്നും വിശ്വസിക്കുന്നവരും, ദുസ്സാധാരണമായ വല്ല ഗുണങ്ങളും കാണുന്നപക്ഷം ആ രണ്ടു സ്ഥലങ്ങളിലും വ്യക്തികളിലും ഒരുവക ദിവ്യത്വമുണ്ടെന്നു കൂട്ടി

ക്കുവാൻ എല്ലാവരുടെ ഇഷ്ടമുള്ളവരായി കാണപ്പെടുന്നുണ്ട്. മേൽ കാണിച്ച ഭഗവദ്വചനം ആസ്തിക്യമുള്ള സജ്ജനങ്ങൾക്കും കരുപോലെ പ്രമാണമാകുന്നു. ഐശ്വര്യമോ ശ്രീയോ ഉജ്ജ്വലതയോ ഉള്ള ഏതൊരു വസ്തുവും ഈശ്വരതേജസ്സിന്റെ അംശമാണെങ്കിൽ, ആ ഗുണങ്ങൾക്കെല്ലാം ഏകാവലംബമായ കരു മഹാരാജാവിന്റെ സ്ഥിതി പിന്നെ പറയേണ്ടതില്ലല്ലോ. ആ വിധം മഹത്തരമായ കരു ഈശ്വരതേജസ്സിന്റെ അംശരൂപമായ നമ്മുടെ വലിയതമ്പുരാൻ തിരുമനസ്സുകൊണ്ട് 1034-ാമാണ്ടു കന്നിമാസം 22-ാംനു- ധനുരാശിയിലാണ് തന്റെ അവതാരംകൊണ്ടു കൊച്ചിരാജ്യത്തെ അനുഗ്രഹിച്ചത്.

ഭരണൈകല്യംകൊണ്ടു കൊച്ചി രാജ്യത്തെ ആകപ്പാടെ അലങ്കോലപ്പെടുത്തിയ പെങ്കിട്ടാറാവു ദിവാനും, നായരോഷംനിമിത്തം കൊച്ചി ഗവർമ്മെണ്ടിനേയും മദിരാശി ഗവർമ്മെണ്ടിനേയും കരുപോലെ മുഷിപ്പിച്ച കല്ലൻസായ്പ്പ് സിഡെണ്ടും ആണ് അന്നത്തെ ഭരണാധികാരികൾ. 1039-ൽ തീപ്പെട്ട വലിയതമ്പുരാൻ തിരുമനസ്സുകൊണ്ട് ഇവരെ തന്റെ ആജ്ഞാശക്തിക്കു കീഴ്പ്പെടുത്തുവാനുള്ള ശ്രമമായിരുന്നു. ചരിത്രനായകനായ തിരുമ

നസ്സിലെ ഉടയത്തോടുകൂടിത്തന്നെ കൊച്ചിരാജ്യത്തിലുണ്ടായിരുന്ന എല്ലാ കലക്കങ്ങളും അസ്വാസ്ഥ്യങ്ങളും അസ്തമിച്ചു. അത്, അവിടത്തെ ശുഭോദർക്കമായ ഭാവിചരിത്രത്തിന്റെ ഒരു പ്രസ്താവനയായിരുന്നു. "ഭവോ ഹി ലോകാഭ്യുദയായ താദൃശാം".

1065-ൽ തീപ്പെട്ട വലിയമ്മതമ്പുരാൻ തിരുമനസ്സിലെ പുത്രിയായ കാവമ്മതമ്പുരാൻ തിരുമനസ്സുകൊണ്ടാണ് അവിടത്തെ അമ്മ. കാവമ്മതമ്പുരാൻ തിരുമനസ്സിലെ ജനനം 1018-ൽ ആണ്. സൌശീല്യാദിസൽഗുണങ്ങൾ മൂർത്തിമത്തായ ഈ മഹതിക്കു പന്ത്രണ്ടുപതിമ്മൂന്നു തിരുവയസ്സായപ്പോൾത്തന്നെ, തൃത്താലിചാർത്തു കഴിഞ്ഞു ദാമ്പത്യജീവിതത്തിൽ ഏർപ്പെടേണ്ടിവന്നു. അവിടത്തെ ഭർത്താവായിരുന്നതു ധനാഢ്യനായ ശ്രുതിപ്പെട്ട കാലടി മഞ്ഞപ്ര പനമണക്കൽ നമ്പൂതിരിപ്പാടവർകളായിരുന്നു. ഏകദേശം മൂന്നു പതിറ്റാണ്ടു കാലത്തോളം കാവമ്മതമ്പുരാൻ തിരുമനസ്സുകൊണ്ടു ഭർത്തൃമതിയായിത്തന്നെ ഇരുന്നു. ദൃഢമായ അന്യോന്യാനുരാഗവും വിശ്വാസവും നിമിത്തം ഈ ദമ്പതികളുടെ ജീവിതം എത്രയും സുഖകരമായിത്തീർന്നു. നമ്പൂതിരിപ്പാടവർകൾ നിഷ്കളങ്കമായ ദൈവഭക്തിയുള്ള ഒരു

സാതിശയവും, അസാമാന്യമായ ലോകപരിചയം സിദ്ധിച്ച ഒരു വലിയ വിദ്വാനും ഒരു നല്ല കാര്യസ്ഥനും ആയിരുന്നു. 1012-ാമാണ്ടിലാണ് അദ്ദേഹത്തിന്റെ ജനനം. കാമമ്മതമ്പുരാൻ തിരുമനസ്സിലെ തൃത്താലിചാർത്തിയതിൽ പിന്നെ നമ്പൂതിരിപ്പാടവർകൾ മിക്കതും താമസിച്ചിരുന്നതു തൃപ്പൂണിത്തുറയിൽ തന്നെയായിരുന്നു. അക്കാലത്തു കോവിലകം വക കാര്യങ്ങളെല്ലാം നടത്തിവന്നത് അദ്ദേഹമാണ്. നമ്പൂതിരിപ്പാട്ടിലേയ്ക്കു തച്ചശാസ്ത്രത്തിൽ നല്ല പാണ്ഡിത്യമുണ്ടായിരുന്നു. അദ്ദേഹം കോവിലകം കാര്യങ്ങൾ നടത്തിയിരുന്ന കാലത്തു തൃപ്പൂണിത്തുറെ പണികഴിച്ചിരിക്കുന്ന കോവിലകങ്ങളെല്ലാം ഇതിനു ദൃഷ്ടാന്തമാകുന്നു. ചക്കൻകുളങ്ങരെ കുളം അദ്ദേഹത്തിന്റെ മേൽനോട്ടത്തിൽ കുത്തിച്ചതാണ്. ദൈവികമായി പല വലിയ സൽകർമ്മങ്ങളും പരമഭാഗവതനായ നമ്പൂതിരിപ്പാട്ടിലെ ഉത്സാഹത്തിൽ നടന്നിട്ടുണ്ട്.

ഇങ്ങിനെ പല വിശിഷ്ടഗുണങ്ങളോടേയും വിളങ്ങിനിലമായ ഈ ദമ്പതികളുടെ സന്താനങ്ങളായി ഈ ചരിത്രനായകനായ തിരുമേനിയുൾപ്പെടെ നാല് ആൺവഴിത്തമ്പുരാക്കന്മാരും അഞ്ചു പെൺവഴിത്തമ്പുരാക്കന്മാരുമുണ്ടായി. ഇവരിൽ ഒരു

തിരുമനസ്സിലെ അമ്മ.

തിരുമനസ്സിലെ അച്ഛൻ.

പെൺവഴിത്തമ്പുരാൻ കഴികെ, ശേഷം എല്ലാവരും ഇപ്പോൾ ജീവിച്ചിരിപ്പുണ്ട്. വിഷഭൈദ്യനെന്ന കേൾവിപ്പെട്ട വീരകേരളത്തമ്പുരാൻ തിരുമനസ്സുകൊണ്ടും, രവിവർമ്മ നാലാം കൂറു തമ്പുരാൻ തിരുമനസ്സുകൊണ്ടും, കേരളവർമ്മ പതിമൂന്നാം കൂറുതമ്പുരാൻ തിരുമനസ്സുകൊണ്ടും നമ്മുടെ വലിയതമ്പുരാൻ തിരുമനസ്സിലെ സഹോദരന്മാരാണ്. ഈ സഹോദരന്മാരും സഹോദരികളും അച്ഛനമ്മമാരുടെ കാലോചിതമായ ലാളനവും ശിക്ഷയും ഏറ്റ്, യാതൊരു വക ദോഷങ്ങളും നേരിടാതെ വളർന്നുവന്നു.

അച്ഛൻനമ്പൂതിരിപ്പാടവർകൾ 1064-ൽ തന്റെ ഭൌതികമായ ശരീരത്തെ ഉപേക്ഷിച്ചു മുക്തനായ്. അതിൽ പിന്നെ കാവമ്മതമ്പുരാൻ തിരുമനസ്സിലേയ്ക്കു ലൌകികവിഷയങ്ങളിൽ സക്തി കുറഞ്ഞു. ശേഷം കാലം അത്രയും അവിടുന്ന് ഈശ്വരഭജനംകൊണ്ടുതന്നെ കഴിച്ചുകൂട്ടി. പലതരം വഴിവാടുകളും പുരാണവായനയും മറ്റും ഒരൊറ്റദിവസവും മുടങ്ങാതെ നടത്തിവന്നു. കാരോ ധർമ്മവിഷയങ്ങളിലേയ്ക്കായി അസംഖ്യം ധനം അവിടുന്നു നീക്കിവെച്ചിട്ടുണ്ട്. ഭവാനി, തിരുവില്വാമല മുതലായ പല പുണ്യസ്ഥലങ്ങളും അവിടുന്നു ചെന്നു

സന്ദർശിച്ചിട്ടുണ്ട്. ഭാഗ്യവതിയായ ആ തിരുമേനി ഇങ്ങിനെ ഐഹികവും പാരത്രികവും ആയ സുഖത്തിനു വേണ്ടുന്ന എല്ലാ ധർമ്മകർമ്മങ്ങളും സാധിച്ച്, കഷ്ടാരിഷ്ടങ്ങളൊന്നും കൂടാതെ, തന്റെ പ്രിയപ്പെട്ട സന്താനങ്ങളുടേയും മറ്റു വേണ്ടപ്പെട്ടവരുടേയും അന്ത്യമായ ശുശ്രൂഷാസുഖം അനുഭവിച്ചു കൊണ്ട് ഇക്കഴിഞ്ഞ 1093 കന്നിമാസത്തിൽ തീപ്പെടുകയും ചെയ്തു.

തിരുമനസ്സിലെ ബ്രഹ്മചര്യം.

തിരുമനസ്സിലെ ചെറുപ്പം മുതൽ വളരെക്കാലം അവിടുത്തെ ലാളിച്ചും സ്നേഹിച്ചും പോന്നിരുന്നത്, അവിടുത്തെ മാതാമഹിയായ 1065-ൽ തീപ്പെട്ട വലിയമ്മതമ്പുരാൻ തിരുമനസ്സുകൊണ്ടായിരുന്നു. ഇന്നു കൊച്ചി രാജകുടുംബത്തിൽ കാണുന്ന മിക്ക അംഗങ്ങളും ആ ഭാഗ്യവതിയുടെ സന്താനപരമ്പരയിൽ ഉൾപ്പെട്ടവരാണ്. അമ്മതമ്പുരാൻ കോവിലകങ്ങളിൽ സൂതികർമ്മത്തിനായി നിയമിക്കപ്പെട്ട കിഴക്കേത്തിമഠത്തിലെ നമ്പിഷ്ടാതിരിമാരിൽ ഒരാളെയായിരുന്നു തിരുമനസ്സിലെ ആയയുടെ സ്ഥാനത്തു നിയമിച്ചിരുന്നത്. ആ നമ്പിഷ്ടാതിരിക്ക് അവരുടെ നിര്യാണകാലംവരെ അടുത്തുൾൻ കൊടുത്തുവന്നിരുന്നു.

ശ്രുതിപ്പെട്ട ജ്യൗതിഷക്കാരിൽ കേമ്മാളായ കല്ലേങ്കര അച്യുതപ്പിഷാരോടിയാണ് തിരുമനസ്സിലെ ഏഴാം തിരുവയസ്സിൽ അവിടുത്തെ വിദ്യാരംഭകമ്മം നടത്തിയത്. കല്ലേങ്കര പിഷാരത്തേയ്ക്ക് കൊച്ചി രാജകുടുംബത്തിലെ ഗുരുസ്ഥാനം പണ്ടേയ്ക്കു പണ്ടേ ഉള്ളതാണ്. അതു സംബന്ധമായി ചില സ്ഥാനമാനങ്ങളും അവകാശങ്ങളും ഇന്നും ആ പിഷാരത്തേയ്ക്കുണ്ട്. ഈ അച്യുതപ്പിഷാരോടിതാനായാണ് പിന്നീട് തിരുമനസ്സിലെ ജ്യോതിശ്ശാസ്ത്രം പഠിപ്പിച്ചത്. അക്കാലത്തു പാരമേക്കാവിൽ രാമൻനമ്പ്യാർ എന്നു പേരെടുത്ത ഒരു പണ്ഡിതനായിരുന്നു തൃപ്പൂണിത്തുറ കോവിലകത്തു തമ്പുരാക്കന്മാരെ വിദ്യാഭ്യാസം ചെയ്യിക്കുവാൻ പാറ്റിച്ചിട്ടുണ്ടായിരുന്നു. ഈ രാമൻനമ്പ്യാരാണ് തിരുമനസ്സിലെ കാവ്യനാടകാലങ്കാരങ്ങളും പഠിപ്പിച്ചത്. വീരകേരളത്തമ്പുരാൻ തിരുമനസ്സിലേയും കുഞ്ഞുപ്പൻതമ്പുരാൻ തിരുമനസ്സിലേയും മറ്റും പഠിപ്പിച്ചതും ഈ രാമൻനമ്പ്യാർ തന്നെയാണ്. ഇക്കാലത്തു തർക്കം വേദാന്തം തുടങ്ങി സംസ്കൃതത്തിൽ ഉയർന്ന പാഠങ്ങളും പഠിപ്പാൻ തിരുമനസ്സിലേയ്ക്കു നല്ല അവസരങ്ങളുണ്ടായി. കോയമ്പത്തൂക്കാരനായ "രങ്കപ്പൂചായ്ക്കർ" എന്നാളും അക്കാലത്തു ഒരു വയസ്സായിരുന്നു. മരണശി

ക്ഷയ്ക്കു വിധിക്കപ്പെട്ട കുറക്കാരുടെ കാര്യത്തിൽ ശിക്ഷ നടത്തുന്നതിനു മുമ്പായി മഹാരാജാവു തിരുമനസ്സിലെ കല്പന വാങ്ങേണമെന്നു നിയമമുണ്ട്. അങ്ങിനെയുള്ള കല്പനകളിൽ ഒപ്പിടുന്നതായിരുന്നു രങ്കപ്പാചാര്യർ ദളവയുടെ ജോലി. ഇതിനു പ്രത്യേകം ആപ്പീസ്സും ശിപായിമാരും ഉണ്ടായിരുന്നു. മകരമാസത്തിൽ തീപ്പെട്ട രവിവർമ്മമഹാരാജാവാണ് ആചാര്യരെ ഈ ജോലിയിൽ വെച്ചത്. 1078-ൽ ഈ ജോലിക്കൂടി സമ്പാദികാര്യക്കാർക്കു കൊടുക്കുകയാൽ ദളവ എന്ന സ്ഥാനം അന്നു മുതൽ ഒഴിവായി. രങ്കപ്പാചാര്യർക്കു ദളവയുടെ പ്രവൃത്തിക്കു പുറമെ കോവിലകത്തു പുരാണവായനയും ഉണ്ടായിരുന്നു. മൂന്നു തമ്പുരാക്കന്മാരുടെ വാഴ്ചക്കാലമത്രയും ഈ ജോലിക്കൂടി രങ്കപ്പാചാര്യരാണ് നടത്തിയത്. അദ്ദേഹത്തിന്റെ മകൻ മാധവരാജാചാര്യർ ഇപ്പോഴും കോവിലകത്തു സേവനം ആസ്ഥാനപണ്ഡിതനും ആണ്. ഇന്നും കോവിലകത്തുനിന്നു ചില അവകാശങ്ങൾ ഇവർ അനുഭവിക്കുന്നുണ്ട്. മേൽപ്പറഞ്ഞ രങ്കപ്പാചാര്യരാണ് നമ്മുടെ വലിയതമ്പുരാൻ തിരുമേനിയെ തക്കം വേദാന്തം എന്നീ ശാസ്ത്രങ്ങൾ പഠിപ്പിച്ചത്.

സംസ്കൃതസാഹിത്യത്തിലും ആ ഭാഷയിലുള്ള

രങ്കപ്പാചാരി.

റോബർട്ട് ഫൈഫ്.

തിരുമനസ്സുകൊണ്ട് 14-ാം വയസ്സിൽ

സഹോദരൻ 13-ാംക്കുറ് തമ്പുരാൻ.

പല ശാസ്ത്രങ്ങളിലും വിശേഷിച്ച ജ്യോതിഷത്തി
ലും തിരുമനസ്സിലേയ്ക്ക് മതിയായ വ്യുൽപത്തി സി
ദ്ധിച്ചു. അതിനുശേഷം അപ്പിടന്ന് ആയുർവ്വേദം പഠി
പ്പാൻ നിശ്ചയിച്ചു. അഷ്ടവൈദ്യന്മാരിൽ പ്രമാ
ണപ്പെട്ട ഒരാളായ തൈക്കാട്ട് ഇട്ടീരിമൂസ്സാണ് തി
രുമനസ്സിലെ 'അഷ്ടാംഗഹൃദയം' പഠിപ്പിച്ചത്. ഇ
ങ്ങിനെ ഇരിക്കുമ്പോൾ ഒരു വിശേഷസംഭവം ഉ
ണ്ടായി. കോക്കര നമ്പൂതിരി എന്നു മഹാപ്രസി
ദ്ധനായ ഒരു വിഷവൈദ്യൻ അക്കാലത്തു തൃപ്പൂ
ണിത്തുറ കോവിലകത്തു താമസിച്ചിരുന്നു. അദ്ദേ
ഹം വിഷവൈദ്യം സംബന്ധിച്ചു പല അത്ഭുതക
മ്മങ്ങളും ചെയ്തിട്ടുണ്ട്. ഒരു ദിവസം കോവിലക
ത്തു ചുമരിന്റെ ഒരു പൊത്തിൽ ഒരു വലിയ പാ
മ്പ് എങ്ങിനെയോ കടന്നുകൂടി. തമ്പുരാക്കന്മാരെ
ക്കെ ഭയപ്പെട്ട വിഷവൈദ്യനായ കോക്കര നമ്പൂ
തിരിയെ വിവരം അറിയിച്ചു. അദ്ദേഹം വന്ന് അ
ല്പം വെള്ളം ജപിച്ചു പൊത്തിൽ തളിച്ചു പാമ്പി
നെ വിളിച്ചു. പാമ്പു പുറത്തു വന്ന് അദ്ദേഹത്തി
ന്റെ പിന്നാലെ പോയി. നമ്പൂതിരി ആ വഴി ല
ക്ഷ്മിത്തൊപ്പിലേയ്ക്കാണു പോയത്. അവിടെ എ
ത്തിയപ്പോൾ പാമ്പിനോടു പൊയ്ക്കൊള്ളുവാൻ പ
റഞ്ഞു. അത് ഒരു കുറിക്കാട്ടിലേയ്ക്കു പോകയും

ചെയ്തു. ഈ സംഭവം തമ്പുരാക്കന്മാരെ എല്ലാം അത്ഭുതപരതന്ത്രന്മാരാക്കിത്തീർത്തു. തന്റെ വിദ്യ മുഴുവനും തമ്പുരാക്കന്മാരിൽ ആരെയെങ്കിലും ഒരാളെ പഠിപ്പിച്ചാൽക്കൊള്ളാമെന്നു നമ്പൂതിരിക്കും പഠിച്ചാൽക്കൊള്ളാമെന്നു നമ്മുടെ വലിയ തമ്പുരാൻ തിരുമനസ്സിലേയ്ക്കും മോഹം ഉണ്ടാകയാൽ തിരുമനസ്സുകൊണ്ടു നമ്പൂതിരിയുടെ പ്രധാനശിഷ്യനായിത്തീരുവാൻ ഇടയായി. അദ്ദേഹത്തിനു വേറെയും ശിഷ്യന്മാർ ഉണ്ടായിരുന്നു എങ്കിലും തിരുമനസ്സിലേയ്ക്കു മാത്രമേ എല്ലാവിദ്യകളും ഉപദേശിച്ചിട്ടുള്ളു എന്നാണു കേൾവി. ഇതുനിമിത്തം തിരുമനസ്സുകൊണ്ട് ഒരു ശ്രുതിപ്പെട്ട വിഷവൈദ്യൻകൂടിയായിത്തിനു. പലരെപ്പേരുടെ ജീവനെ തിരുമനസ്സിലേയ്ക്ക് ഈ വിഷവൈദ്യമൂലം രക്ഷപ്പെടുത്തുവാൻ കഴിഞ്ഞിട്ടുണ്ട്. വിഷവൈദ്യൻ കോക്കര നമ്പൂതിരിയുടെ ശിഷ്യനാണ് തരണനല്ലൂർ നമ്പൂതിരി. അദ്ദേഹത്തിന്റെ ശിഷ്യനാണ് 'മിടുക്കൻതമ്പുരാൻ' എന്നറിയപ്പെടുന്ന വീരകേരളത്തമ്പുരാൻ തിരുമനസ്സുകൊണ്ട്. അവിടത്തെ ശിഷ്യനാണു കൊച്ചുണ്ണിത്തമ്പുരാൻ തിരുമനസ്സുകൊണ്ട്. തുപ്പുണ്ണിത്തൂറ കോവിലകത്തു വിഷവൈദ്യന്മാരായ തമ്പുരാക്കന്മാർ ഉണ്ടാവാനുള്ള കാരണം എന്തെന്നും

ശിഷ്യപാരമ്പര്യക്രമം എങ്ങിനെയാണെന്നും അറിയിപ്പാൻ മാത്രമാണ് ഈ സംഗതിയെപ്പറ്റി ഇത്ര വിസ്തരിച്ചത്.

തുപ്പണിത്തുറ ഹൈസ്കൂൾ ഹെഡ് മാസ്റ്റർ ആയ മിസ്റ്റർ ഗോപാലകൃഷ്ണയ്യരുടെ അച്ഛൻ നാരായണയ്യരും നല്ലനാട്ടു നാരായണൻ നമ്പൂതിരിപ്പാടനവനും അക്കാലത്തു പാലസ്സ് സ്കൂൾ മാസ്റ്റർമാരായിരുന്നു. ഇവരാണ് ആദ്യകാലം തിരുമനസ്സിലെ ഇംഗ്ലീഷു പഠിപ്പിച്ചത്. കാശിയിൽവെച്ചു തീപ്പെട്ട കേരളവർമ്മമഹാരാജാവു തിരുമനസ്സിലെ ഇംഗ്ലീഷു പഠിപ്പിക്കുവാനായി മിസ്റ്റർ "ഫൈറർ" എന്നു ഒരു സായ്പിനെ 1026-ൽ തൃശ്ശിവപേരൂർവെച്ചു തീപ്പെട്ട തമ്പുരാൻ നിയമിച്ചിരുന്നു. ഈ ഫൈറർ സായ്പ് പിന്നെയും വളരെ കാലം ഒരേ കൊച്ചുതമ്പുരാക്കന്മാരെ ഇംഗ്ലീഷു പഠിപ്പിച്ചുംകൊണ്ടുതന്നെ ഗവർമ്മെണ്ടുമാസ്പടി വാങ്ങി താമസിച്ചിരുന്നു. ഇദ്ദേഹമാണു തിരുമനസ്സിലെ പ്രധാനമായി ഇംഗ്ലീഷുപാഠങ്ങൾ പഠിപ്പിച്ചത്. കണക്ക്, പ്രകൃതിശാസ്ത്രം തുടങ്ങിയ വിഷയങ്ങൾ പഠിപ്പിച്ചതു മദിരാശി സർവ്വകലാശാലയിൽനിന്നു എം. എ. ബിരുദം വാങ്ങിയ കൊക്കനാടക്കാരനായ പി. ശങ്കരനാരായണൻചെ

ട്ടി എന്നൊരാളാണ്. തിരുമനസ്സിലെ വിദ്യാഭ്യാസം നാനാമുഖമായിരുന്നു. ഗുരുമുഖത്തിൽനിന്നു കിട്ടാവുന്നിടത്തോളമുള്ള വിദ്യയുടെ ആദ്യത്തെ ഓഹരി അവിടുന്ന് എത്രയോ എളുപ്പത്തിൽ സമ്പാദിച്ചു. സ്വമേധയായിട്ടുള്ള വായനകൊണ്ടും സ്വബ്രഹ്മചാരികളുടേയും മറും സാഹചര്യംകൊണ്ടും ലഭിക്കാവുന്ന ബാക്കി രണ്ടു ഭാഗങ്ങളും ലഭിപ്പാനും തിരുമനസ്സിലേയ്ക്കു പ്രയാസമുണ്ടായില്ല. കാലക്രമംകൊണ്ടു മാത്രം സിദ്ധിക്കാവുന്ന കടവിലത്തെ ഓഹരിയും ഇപ്പോൾ തിരുമനസ്സിലേയ്ക്കു സിദ്ധിച്ചിരിക്കുന്നു. പുരുഷായുസ്സിന്റെ നേർപകുതിയിൽ തിരുമനസ്സുകൊണ്ട് ഇപ്പോൾ മാത്രം പ്രവേശിച്ചിരിക്കുന്നതാലോചിച്ചാൽ അവിടുന്നു വയോവൃദ്ധനാകുന്നതിന് എത്രയോ മുമ്പുതന്നെ ജ്ഞാനവൃദ്ധനായിത്തീർന്നിരിക്കുന്നു. തിരുമനസ്സുകൊണ്ട് ഇന്നും എടകിട്ടുമ്പോഴെല്ലാം പൌരസ്ത്യന്മാരുടേയും പാശ്ചാത്യന്മാരുടേയും സാഹിത്യഗ്രന്ഥങ്ങളും ശാസ്ത്രങ്ങളും വായിച്ചുകൊണ്ടിരിക്കും. ധനശാസ്ത്രത്തിൽ തിരുമനസ്സിലേയ്ക്ക് അഗാധമായ ജ്ഞാനം സിദ്ധിച്ചിട്ടുണ്ട്. രാജ്യഭരണതന്ത്രവും ധനശാസ്ത്രവും അവിടുന്നു പ്രത്യേകം പഠിച്ചിട്ടുണ്ട്. ഏളുപ്പത്തിനുവേണ്ടി തന്നുരാജ്യത്തിനുശേഷം ഹിന്ദുസ്ഥാനിഭാഷ പഠിപ്പാൻ

തിരുമനസ്സിലെ ചെറുപ്പകാലം.

തുടങ്ങി. ആ ഭാഷയിലും സാമാന്യമായ പരിചയം ലഭിച്ചിട്ടുണ്ട്.

സാധാരണയായി വലിയതമ്പുരാക്കന്മാരുടെ തിരുനാളിനു 15 ദിവസം മുമ്പു തുടങ്ങി ഒരു വിദ്വത്സഭ വിളിച്ചുകൂട്ടുക പതിവാണ്. പല ദിക്കിൽനിന്നും അനേകം വിദ്വാന്മാർ ഈ സഭയിൽ വന്നുചേന്ന് അവരവരുടെ വൈദുഷ്യത്തെ വാദപ്രതിവാദങ്ങളും നടത്തി സഭയിൽ പ്രകാശിപ്പിച്ച സംഭാവനകളും വാങ്ങി തിരുനാൾ കഴിഞ്ഞു മടങ്ങിപ്പോകും. ഇത് ഇന്നും പതിവുണ്ട്. ഇത്തരം സദസ്സുകളിൽ അന്നന്നു വിദ്യാർത്ഥികളായ തമ്പുരാക്കന്മാർ സന്നിഹിതരായി പ്രസംഗങ്ങൾ നടത്താറുള്ളതുപോലെ നമ്മുടെ തമ്പുരാൻ തിരുമനസ്സുകൊണ്ടും സന്നിഹിതനായി പല പ്രസംഗങ്ങളും നടത്തി സഭ്യന്മാരുടെ ഹൃദയപൂർവ്വമായ പ്രശംസയെ ലഭിച്ചിട്ടുണ്ട്.

പഠിപ്പിന്റെ കാര്യത്തിലെന്നപോലെതന്നെ വിനോദത്തിലും വ്യായാമത്തിലും അവിടുന്നു ചെറുപ്പകാലത്തു വളരെ ഉത്സാഹം കാണിച്ചിരുന്നു. കുട്ടിക്കാലം മുതൽക്കേ തിരുമനസ്സുകൊണ്ടു ചൊവ്വര എഴനെള്ളി താമസിക്കാറുണ്ട്. അവിടെ ചെ

ന്നാൽ പഞ്ചികളിയാണ് പ്രധാനമായ വിനോദ വും വ്യായാമവും. പഞ്ചികളിയിൽ തിരുമനസ്സി ലേയ്ക്കു അസാധാരണമായ പാടവമുണ്ട്. കുതിര പ്പുറത്തു സവാരിചെയ്യാൻ അവിടത്തേയ്ക്കു നല്ലവ ണ്ണം അറിയാം. അതു കൊ പ്രത്യേകം പ്രതിപ ത്തിയുള്ള ഒരു വിഷയവുമാണ്. കുതിരസ്സവാരി ഒരു വ്യായാമമായിത്തന്നെ അവിടന്നു മുടങ്ങാതെ കുറെക്കാലം നടത്തിയിട്ടുണ്ട്. തിരുമനസ്സിലേയ്ക്കു 'ചാത്രിംശം' എന്ന യോഗം ഉണ്ടെന്നു ജ്യോ ത്സ്യന്മാർ പറഞ്ഞിരുന്നു. ആ ദോഷം നീങ്ങുവാൻ വേണ്ടി ശിവദർശനം മുട്ടാതെ നടത്തിവന്നിരുന്നു. അതിനു കുതിരപ്പുറത്താണ് അവിടന്ന് എഴുന്നെ ള്ളിയിരുന്നത്. പന്തുകളി, ടെന്നീസ്സുകളി മുതലാ യ വ്യായാമവിനോദങ്ങളിലും അവിടന്നു പങ്കുകൊ ള്ളാറുണ്ട്.

സരസ്വതീദേവിയുടെ പ്രസാദം തിരുമനസ്സി ലെ വൈദഗ്ദ്ധ്യത്തിലും ലക്ഷ്മിഭഗവതിയുടെ കടാ ക്ഷം അവിടന്ന് എടുപ്പുകുന്ന ഏതു കാര്യത്തിലും കാണാവുന്നതാണ്. അമ്മതമ്പുരാൻ കോവിലകം കാ ര്യങ്ങളുടെ ഏതൽക്കാലസ്ഥിതി ഈ രണ്ടാമത്തെ പാ ഞ്ഞതിന് ഉത്തമദൃഷ്ടാന്തമാകുന്നു. ഭൂമിദേവിയെ അവിടന്നു വളരെ കാര്യമായി സേവിച്ചിട്ടുണ്ടെന്നും,

ആ ദേവി അനുരൂപമായവിധത്തിൽ അവിടത്തോ
ട് പ്രസാദിച്ചിട്ടുണ്ടെന്നും ഉള്ള സംഗതി അവിടുന്ന്
എളയതമ്പുരാനായിരിക്കുമ്പോഠം താമസിച്ച കോ
വിലകത്തെ തോട്ടം നോക്കിയാൽ അറിയാവുന്ന
താണ്. തിരുമനസ്സുകൊണ്ടുതന്നെ ഒരു കൃഷിക്കാ
രനും തോട്ടക്കാരനുമായി പണിയെടുക്കുന്നതു കാ
ണ്ട് അത്ഭുതപ്പെട്ടവർ പലരുമുണ്ട്. ഇന്നും ഈ വി
ഷയം അവിടത്തേയ്ക്ക് വളരെ പ്രധാനമാണ്.

വിദ്യാഭ്യാസം ഒരുവിധം പൂർത്തിയായതിന്നു
ശേഷം 1064-ൽ സഹോദരന്മാരോടുകൂടി തിരുമ
നസ്സുകൊണ്ടു കൊച്ചിരാജ്യത്തുള്ള മിക്ക പുണ്യക്ഷേ
ത്രങ്ങളും സന്ദർശിക്കയുണ്ടായി. ഇക്കാലത്തൊക്കെ
തിരുമനസ്സിലേയ്ക്ക് സ്ഥായിയായ ഉത്സാഹം, ഭൂമി
യെ ഇനിയും ഫലസസ്യസമൃദ്ധമാക്കിത്തീർക്കുവാനു
ള്ള വഴി എന്താണ് എന്ന് ആലോചിക്കുന്നതിലും
പ്രവർത്തിക്കുന്നതിലുമായിരുന്നു. കൃഷിവിഷയത്തിൽ
തിരുമനസ്സിലേക്ക് അന്നും ഇന്നും ഒരുപോലെ പ്ര
തിപത്തിയുണ്ട്. സാധാരണക്കാരുടെ ദൃഷ്ടിയിൽ
ഫലവത്തല്ലെന്നു തോന്നുന്ന പല ഭൂപ്രദേശങ്ങളും
ഫലവത്താക്കിത്തീർക്കാമെന്ന് അവിടുന്നു ദൃഷ്ടാന്ത
പ്പെടുത്തീട്ടുണ്ട്. തിരുമനസ്സുകൊണ്ട് സ്ഥാനാരോ
ഹണം ചെയ്തതിന്നുശേഷം നടത്തിയ പ്രസംഗങ്ങ

ളേയും പ്രവൃത്തികളേയും സൂക്ഷിച്ചാൽ ഈ വിഷയത്തിൽ തിരുമനസ്സിലേക്ക് എത്രത്തോളം അഭിനിവേശം ഉണ്ടെന്നു വെളിപ്പെടുന്നതാണ്. ഇതുതന്നെ തന്റെ പ്രജകൾക്കും ഉണ്ടാകേണമെന്ന് ഉദ്ദേശിച്ചായിരിക്കണം കൃഷിവിഷയമായി അവിടുന്നു പലതും പുതുതായി ഏർപ്പെടുത്തിയിരിക്കുന്നത്.

ഗൃഹസ്ഥാശ്രമം.

ബ്രഹ്മചര്യാശ്രമത്തിൽ നിന്നു ഗൃഹസ്ഥാശ്രമത്തിലേക്കു കടക്കുക എന്നതു് ഇക്കാലങ്ങളിൽ യാതൊരു നിയമത്തേയും അടിസ്ഥാനപ്പെടുത്തിയല്ലാകാണുന്നത്. യദൃച്ഛയായി ഉണ്ടാകുന്ന ഏതെങ്കിലും പ്രലോഭനത്തെ അനുസരിച്ചോ നാട്ടുനടപ്പു വിചാരിച്ചോ മാത്രമാണ് ദാമ്പത്യജീവിതത്തിൽ നവീനന്മാർ ഏർപ്പെടുന്നത്. യഥാർത്ഥമായ അനുരാഗമോ ചേർച്ചയോ ആലോചനാവിഷയമാകുന്നതുതന്നെ ദുർല്ലഭമാണ്. ദാമ്പത്യജീവിതത്തിലുള്ള ചുമതലകളേയോ ഗുണദോഷങ്ങളേയോ ആലോചിപ്പാനുള്ള ശക്തിയും തൻപോടവും ഉണ്ടാവേണമെന്നുണ്ടെങ്കിൽ ബ്രഹ്മചര്യാശ്രമകാലത്തെ ചുരുക്കുന്നതുകൊണ്ടു യാതൊരു വഴിയും ഇല്ല തന്നെ. എന്നാൽ, തിരുമനസ്സുകൊണ്ട് ഈ സംഗതിയിലും

ശ്രീമതി, വി. കെ. പാറുക്കുട്ടി അമ്മ,

(കൊച്ചി വലിയതമ്പുരാൻ തിരുമനസ്സിലെ നൈത്യാരമ്മ.)

ഒരു മാതൃകാപുരുഷനായിട്ടാണ് ഇരിക്കുന്നത്. 80 തിരുവയസ്സു വരെ അവിടുന്നു ബ്രഹ്മചര്യം രീക്ഷിച്ചു. ഒന്നാമത്തെ ആശ്രമത്തിൽ നിന്നു സിദ്ധിക്കേണ്ടതെല്ലാം തിരുമനസ്സിലേയ്ക്കു സിദ്ധിച്ചുകഴിഞ്ഞു. അതിനു ശേഷമാണ് അവിടുന്നു ഗൃഹസ്ഥാശ്രമത്തിലേയ്ക്കു പ്രവേശിച്ചത്. 1065-ാമാണ്ടിൽ അവിടുന്ന് അനുരൂപയായ ഒരു തരുണീരത്നത്തെ കളത്രമായി സ്വീകരിച്ചു.

സദ്ഗുണസമ്പൂർണ്ണനായ തിരുമനസ്സിലെ പ്രേമഭാജനമായിത്തീർന്നത് ശ്രീമതി തൃശ്ശിവപേരൂർ വടക്കേ കുറുപ്പത്തു പാറുക്കുട്ടി അമ്മ അവർകളാണ്. 1050 മിഥുനമാസത്തിലാണ് ഈ സ്ത്രീരത്നത്തിന്റെ ജനനം. കുട്ടിപ്പാറുവമ്മ എന്ന ഭാഗ്യവതിയാണ് അവരുടെ അമ്മ. അച്ഛൻ പരേതനായ അടാട്ടു കുറുമ്പ മനക്കൽ നാരായണൻ നമ്പൂതിരിപ്പാടവർകളുമാണ്. നേത്യാരമ്മയ്ക്കു് ഏതാണ്ടു പത്തു വയസ്സായപ്പോൾ അവരുടെ അമ്മ അന്തരിച്ചു. അതിനു ശേഷം അവരെ പൂർവ്വാധികം സ്നേഹിച്ചു വളർത്തിയത് എളയമ്മ നാരായണിയമ്മയാണ്. നേത്യാരമ്മയ്ക്കു് ഒരു സഹോദരനുണ്ട്. ഈ അനുജൻ മിറ്റൂർ ഗോവിന്ദമേനോൻ മദിരാശി ഗവർമ്മെണ്ടിന്റെ കീഴിൽ ഇപ്പോൾ, ഒരു 'ഇഞ്ചിനീയർ'

ആണ്. നേത്യാരമ്മയുടെ ചെറുപ്പകാലത്ത് ഇ പ്പോഴത്തെപ്പോലെ സ്ത്രീവിദ്യാഭ്യാസത്തിനു സൌകര്യം കണ്ടും ഉണ്ടായിരുന്നില്ല. അന്നത്തെ സമ്പ്രദായപ്രകാരം മലയാളം എഴുത്തുവാനും വായിപ്പാനും പഠിച്ചു. നെമ്മാറക്കാരൻ ഗോപാലകൃഷ്ണഭാഗവതരുടെ ശിക്ഷയിൽ സംഗീതത്തിൽ കുറച്ചു ജ്ഞാനവും സമ്പാദിച്ചു. ഇത്രമാത്രമാണ് തിരുമനസ്സുകൊണ്ടു വിവാഹം ചെയ്ത കാലത്ത് ഈ സുശീലയായ വനിതാരത്നത്തിനുണ്ടായിരുന്നു അറിവ്. വിദ്വാനായ തിരുമനസ്സിലെ കളത്രമായ മുതൽ നേത്യാരമ്മയുടെ വിദ്യാഭ്യാസകാര്യത്തിൽ പ്രത്യേകം നിഷ്കർഷയുണ്ടായി. ചുരുങ്ങിയ കാലംകൊണ്ടു ദേശഭാഷയിൽ തികഞ്ഞ വ്യുൽപത്തിയും സംസ്കൃതത്തിൽ സാമാന്യമായ അറിവും ബുദ്ധിമതിയായ നേത്യാരമ്മ സമ്പാദിച്ചു. അന്നു തൃപ്പൂണിത്തുറയിൽ തമ്പുരാക്കന്മാരെ പഠിപ്പിച്ചിരുന്ന രാമനാരായണയ്യരാണ് ഇവരെ ഇംഗ്ലീഷു പഠിപ്പിച്ചത്. ഭർത്തൃസംസർഗ്ഗംകൊണ്ടു തന്റെ വിദ്യാഭ്യാസത്തെ പരിപൂർണ്ണമാക്കുവാൻ നേത്യാരമ്മയ്ക്കു യാതൊരു പ്രയാസവും ഉണ്ടായില്ല. തമിഴ് ഭാഷയും ഇംഗ്ലീഷ് ഭാഷയും നിർദ്ദുഷ്ടമായും സരളമായും സംസാരിപ്പാൻ ഈ വിദുഷിക്കു കഴിയും. നല്ലനല്ല പുസ്തകങ്ങൾ

തിരുമനസ്സിലെ മൂത്തമകൻ ശ്രീമാൻ രാമൻമേനോൻ

തിരുമനസ്സുകൊണ്ടും മകൻ
ശ്രീമാൻ അരവിന്ദാക്ഷമേനോനും.

പായിക്കുന്നതിൽ അവർ ഒരിക്കലും അലംഭാവം കാണിക്കുന്ന പതിവില്ല. അതിന്റെ ഫലമായി അപാരമായ ലോകപരിചയവും ഭ്രതദയയും കൃത്യ ബോധവും ഈ നായികയ്ക്കു സിദ്ധിച്ചിട്ടുണ്ട്. ഇത്ര യോ ഇതിലധികമോ പഠിപ്പുള്ളവർ പക്ഷെ ഉണ്ടാ കാം. എന്നാൽ ഇത്രയും മനോവികാസം സിദ്ധി ച്ച സ്ത്രീരത്നങ്ങൾ കേരളത്തിൽ വളരെ കുറയും. ഭരണശേഷി, ബുദ്ധിസാമർത്ഥ്യം, പാണ്ഡിത്യം, ആശ്രിതവാത്സല്യം, പരോപകാരതൽപരത എ ന്നാദിയായ ഗുണങ്ങൾ മൂലം നേത്യാരമ്മയവർകൾ സകലരുടേയും സ്നേഹബഹുമാനങ്ങൾക്കു പാത്രമാ യി തീർന്നിട്ടുണ്ട്.

ഇങ്ങിനെ സർവ്വഥാ അനുരൂപയായ ഒരു തരു ണീമണിയെക്കൊണ്ടു ഗൃഹസ്ഥനായിത്തീർന്ന നമ്മു ടെ കഥാനായകനായ തിരുമനസ്സിലേക്കു 1066-ൽ ഒരു സന്താനമുണ്ടായി. ഈ സന്താനമാണ് അ പ്പിടത്തെ മൂത്ത പുത്രനായ ശ്രീമാൻ വി. കെ. രാ മൻമേനോൻ അവർകൾ. ഇദ്ദേഹം മദിരാശി സർവ്വകലാശാലയിൽ നിന്ന് ബി. എ. ബിരുദ സ മ്പാദിച്ച ശേഷം ഇംഗ്ലണ്ടിൽ പോയി ബാരിസ്റ്റർ ഭാഗം പരീക്ഷയ്ക്കു പഠിക്കുകയും പാസ്സാവുകയും ചെയ്തു. യുദ്ധം തുടങ്ങിയ കാലത്ത് ഇദ്ദേഹം ജർമ്മ

നിയിലായിരുന്നു. പോപ്പിന്റേയും മറ്റും സഹാ
യം വഴിക്കാണ് ഇദ്ദേഹത്തെ ജർമ്മനിയിൽ നിന്നു
പുറത്തെത്തിച്ചിട്ടത്. അചിരേണ അദ്ദേഹം ഇംഗ്ല
ണ്ടിൽത്തന്നെ തിരിച്ചെത്തി. ഇപ്പോഴും അവിടെ
ഓക്സ്ഫോർഡ് സർവ്വകലാശാലയിൽ ഒരു വിദ്യാ
ർത്ഥിയായി ഇരിക്കയാണ്. ശ്രീമാൻ രാമൻമേ
നോൻ അവർകൾ ഒരു യഥാർത്ഥസ്വദേശസ്നേഹി
യും സ്വഭാഷയിൽ പ്രത്യേകം പ്രതിപത്തിയുള്ള
ആളുമാണ്. വിദേശസഞ്ചാരം നിമിത്തം ചില
ചെറുപ്പക്കാർക്കു നിർഭാഗ്യവശാൽ പിടിപെട്ട കാണാ
റുള്ള സ്വമതദ്വേഷമോ സ്വജനവൈരാഗ്യമോ ഇ
ദ്ദേഹത്തെ അശേഷം ബാധിച്ചിട്ടില്ല. യൂറോപ്യൻ
ഭാഷകളിൽ പലതും അദ്ദേഹത്തിനു വശപ്പെട്ടിട്ടു
ണ്ട്. എങ്കിലും, മാതൃഭാഷയായ മലയാളത്തി
ലേ അദ്ദേഹത്തിനു മമതയുള്ളൂ. മലയാളം അറി
യുള്ള മലയാളികൾ മറെറാരു ഭാഷയിൽ കു
ത്തെഴുതുന്നതു തന്നെ അദ്ദേഹത്തിന്ന് അനിഷ്ട
മാണെന്നു അറിവാൻ ഏടവന്നിട്ടുണ്ട്. സാഹി
ത്യരസികനായ മേനോനവർകൾ "ഇയ്യിടെ ആ
ത്മപോഷിണി" എന്ന മലയാളമാസികയിൽ
"ഇന്ദുലേഖ" എന്നു പ്രസിദ്ധമായ ആഖ്യായികാ
യെ വിമർശിച്ചുകൊണ്ട് എഴുതിയിരുന്ന ലേഖനം

തിരുമനസ്സിലെ സീമന്തപുത്രി ശ്രീമതി രത്നം

ഭട്ടേഹത്തിന്റെ സ്വദേശസ്നേഹത്തിനും സ്വഭാഷാസ്നേഹത്തിനും മതിയായ ദൃഷ്ടാന്തമാകുന്നു. പ്രന്ഥീസ്സുഭാഷയിൽ നിന്നു ഏതോ ഒരു നല്ല പുസ്തകം മേനോനവർകൾ തർജ്ജമചെയ്തു വരുന്നതായി അറിയുന്നു. അധികം കാലമായി തന്റെ പ്രിയപ്പെട്ട മാതാപിതാക്കന്മാരെ വിട്ടുപിരിഞ്ഞു താമസിക്കുന്ന ശ്രീമാൻ രാമൻമേനോനവർകൾ താമസിയാതെ സ്വദേശത്തേയ്ക്കു മടങ്ങിവരുമെന്നും, അദ്ദേഹത്തെക്കൊണ്ടു കേരളത്തിലേയ്ക്കു പൊതുവായും കൊച്ചിരാജ്യത്തേയ്ക്കു പ്രത്യേകമായും പല ഗുണങ്ങളും സിദ്ധിക്കുമെന്നും ആശിക്കാം. തിരുമനസ്സിലെ രണ്ടാമത്തെ സന്താനം 1073-ൽ ജനിച്ച ശ്രീമാൻ വി. കെ. അരവിന്ദാക്ഷമേനോൻ അവർകളാണ്. ഇദ്ദേഹം എഫ്. എ. പരീക്ഷ പാസ്സായതിനു ശേഷം മദിരാശി 'ഇഞ്ചിനിയറിംഗ്' കോളേജിൽ ചേർന്നു പഠിക്കയും ബി. ഇ. 'കോഴ്സ്' കഴിക്കുകയും ചെയ്തിട്ടുണ്ട്. ഇപ്പോൾ ഇദ്ദേഹം ബോമ്പായിൽ ടാറാ കമ്പനിയിൽ ചേർന്നു പ്രവൃത്തി പരിശീലിക്കുകയാണ്.

ഈ രണ്ടു പുരുഷസന്താനങ്ങൾ കൂടാതെ തിരുമനസ്സിലേയ്ക്കു രണ്ടു സ്ത്രീസന്താനങ്ങളും ഉണ്ട്. ശ്രീമതി രത്നമെന്ന മൂത്ത പുത്രിയുടെ ജനനം

1078-ൽ ആണ്. ഈ യുവതീരത്നം എറണാകുളം കൊണ്വെൻറ് സ്കൂളിൽ 5-ാം ഫാറത്തിൽ വായിച്ചുവരുന്നു. ശ്രീമതി വിലാസിനി എന്ന കുട്ടിയിലത്തെ പുത്രിയുടെ ജനനം 1080-ൽ ആണ്. കൊൺവെൻറ് സ്കൂളിൽ 1-ാംഫാറത്തിലാണ് ഈ ശ്രീമതി ഇപ്പോൾ വായിക്കുന്നത്. ഇവരുടെ താലികെട്ടുകല്യാണം, തിരുമനസ്സിലെ പ്രാഭവത്തിനും മനോവൈപുല്യത്തിനും സന്താനവാത്സല്യത്തിനും അനുരൂപമായി ഇയ്യിടെയാണ് കഴിഞ്ഞത്.

തിരുമനസ്സിലെ ജീവചരിത്രത്തിൽ പ്രധാനമായ ഒരു സംഭവം 1073-ൽ ആണുണ്ടായത്. അവിടത്തെ അറിവും ലോകപരിചയവും സാമർത്ഥ്യവും പ്രകാശിപ്പിപ്പാൻ ഒരു നല്ല അവസരം അവിടത്തേക്കു യാദൃച്ഛികമായി ഉണ്ടായി. അമ്മതമ്പുരാൻ കോവിലകം കുറ്റാടികൂടം 1064 വരെ പലുതായ കുഴപ്പങ്ങൾക്കൊന്നും എടവരാതെ നടന്നുവന്നിരുന്നു. അതിനുശേഷം ഉണ്ടായ പല സംഭവങ്ങളാലും കോവിലകം കുറ്റാനുപഷണ്ണം പലിയ കുഴപ്പത്തിൽ കലാശിച്ചു. സന്താനവർദ്ധനത്തിനനുരൂപമായി സമ്പത്സമൃദ്ധിയും ഉണ്ടാകേണ്ടതിനു



തിരുമനസ്സിലെ മദ്ധ്യമപുത്രി ശ്രീമതി ലീലാസിനി.

തിരുമനസ്സിലെ പുത്രിമാരുടെ കെട്ടുകല്യാണം.

പകരം ഉള്ള മുതൽ തന്നെ ഭരണദോഷം നിമിത്തം നശിപ്പാനാണ് തുടങ്ങിയത്. ഈ സംഗതി വാഴ്ചയൊഴിഞ്ഞ വലിയതമ്പുരാൻ തിരുമനസ്സിലേയ്ക്ക് വളരെ അസ്വാസ്ഥ്യം ഉണ്ടാക്കിത്തീർത്തു. ഏകദേശം ഒരുനൂറാമ്പതിൽപരം അംഗങ്ങാം ഉള്ള കോവിലകത്തെ വരവിൽ കാലത്താൽ പതിനായിരം ഉറുപ്പികയോളം ചിലവിന്നു പോരാതെ വന്നു. എട്ടൊമ്പതു മാസമായി ശമ്പളക്കാർക്ക് കരുപൈപോലും കൊടുപ്പാൻ സാധിച്ചിട്ടില്ലെന്ന് അറിഞ്ഞപ്പോാം തക്കതായ ഒരാളെ കോവിലകം വക കാര്യങ്ങാം അന്വേഷിപ്പാൻ നിശ്ചയിക്കേണമെന്ന് അവിടുന്നു നിശ്ചയിച്ചു. ഈ വലിയ ഭാരം ആരെ ഏല്പിക്കേണമെന്ന് ആലോചിച്ചതിൽ നമ്മുടെ കഥാനായകനായ തിരുമേനിയെയാണ് സൂക്ഷ്മധിഷണനായ അവിടുന്നു കണ്ടുപിടിച്ചത്. അതുനിമിത്തം, സ്വന്തം വകയായും മാതൃസഹോദരന്മാരുടെ വകയായും ഉള്ള കാര്യങ്ങാം തന്നെ പിടിപ്പതിലധികം അന്വേഷിപ്പാനിരിക്കെ വലിയമ്മതമ്പുരാൻ പണ്ടാരംവക വമ്പിച്ച സ്വത്തിന്റെ അന്വേഷണഭാരവുംകൂടെ ഗുരുജനത്തിന്റെ ആഗ്രഹം അനുസരിച്ചു തിരുമനസ്സിലേയ്ക്കു കയ്യേല്ക്കേണ്ടിവന്നു. ജ്യേഷ്ഠനായ വലിയതമ്പുരാൻ തിരുമനസ്സുകൊണ്ടു പ്ര-

കൃതകാര്യത്തെക്കുറിച്ചു പറഞ്ഞപ്പോൾ അമ്മമനസ്സു രാവും പകലും പെൺവഴിത്തമുരാക്കന്മാക്കും എല്ലാം പൂർണ്ണസമ്മതമാണെങ്കിൽ അങ്ങിനെ ചെയ്യാമെന്നു മാത്രം അവിടുന്നു മറുപടി പറഞ്ഞു. കുശാഗ്രബുദ്ധിയും ധനശാസ്ത്രനിപുണനും ആയ തിരുമനസ്സുകൊണ്ട് ഈ കാര്യം കൂടിയാലോചിച്ചാൽ കൊള്ളാമെന്നു പെൺവഴിത്തമുരാക്കന്മാക്കെല്ലാം അത്യാശതന്നെ ഉണ്ടായിരുന്നു. തിരുമനസ്സുകൊണ്ടു കോവിലകം കാര്യങ്ങളിൽ പ്രവേശിച്ചു. എല്ലാം വരും വിചാരിച്ചിരുന്നതിൽ എത്രയോ ഇരട്ടിയധികം ഭംഗിയായി കാര്യങ്ങൾ നടന്നുതുടങ്ങി. തിരുമനസ്സിലെ അസാമാന്യമായ കൃത്യനിഷ്ഠയും നൈപുണ്യവും നിമിത്തം എല്ലാ കുഴപ്പങ്ങളും അചിരേണ തീർന്നു. കൊടുത്തുതീർക്കുവാൻ ഉണ്ടായിരുന്നതെല്ലാം കൊടുത്തുതീർത്തു. ആക്ഷേപം യാതൊരാവലാതിയുമില്ല. കാര്യങ്ങളെല്ലാം നല്ല മിഷ്യൻയന്ത്രവേലപോലെയാണ് തിരുമനസ്സിലെ നോട്ടത്തിൽ നടന്നുവന്നത്. ഇത്ര വളരെ പെൺവഴിത്തമുരാക്കന്മാരുള്ള ഈ വലിയ സപ്തരൂപത്തിലെ എല്ലാ അംഗങ്ങൾക്കും അതോടു സംബന്ധിച്ച മറ്റെല്ലാജനങ്ങൾക്കും അത്യന്തം സന്തോഷവും ബഹുമാനവും ജനിക്കത്തക്കവണ്ണം 1074 മുതൽ ഇ

ങ്ങിനെ കാര്യങ്ങൾ നടത്തിപ്പോന്നത് അവിട്ടത്തെ ഭരണസാമർത്ഥ്യത്തിന്ന് ഒരു നല്ല ദൃഷ്ടാന്തമാണ്. ശ്രീമാനായ തിരുമനസ്സിലെ കാര്യാന്വേഷണം ഒന്നുകൊണ്ടുമാത്രമാണ് എത്രയോ അലംകോലപ്പെട്ടുകിടന്നിരുന്ന ഈ കാര്യങ്ങൾ ഇത്രയും നല്ല നിലയിൽ എത്തിച്ചേർന്നത് എന്നുള്ളതിൽ രണ്ടു പക്ഷമില്ല. വലിയ തമ്പുരാന്റെ സ്ഥാനത്ത് എത്തുന്നതിന്നു മുമ്പുണ്ടായ ഈ ഒരു സംഭവംതന്നെ അവിട്ടത്തെ യശഃസ്തംഭമായി എന്നെന്നും നിലനില്ക്കുന്നതാണ്. അവിട്ടന്ന് അക്കാലത്ത് എഴുതിവെച്ചിട്ടുള്ള ഡയറികളിൽനിന്ന് അവിട്ടത്തെ ദീർഘദർശിതയും നിയമപരിജ്ഞാനവും വേണ്ടവിധം പ്രത്യക്ഷപ്പെടുന്നുണ്ട്.

തിരുമനസ്സുകൊണ്ട് എളയതമ്പുരാനായിരിക്കുമ്പോൾ കൊച്ചിയിൽ പ്രധാനപ്പെട്ട സ്ഥലങ്ങളും കാഴ്ചകളുമെല്ലാം ചെന്നു സന്ദർശിക്കയും, പ്രജകളുമായി വളരെ സൌഹാർദ്ദത്തിൽ പെരുമാറുകയും ചെയ്തിട്ടുണ്ട്. അക്കാലത്തെ ചില കാഴ്ചകളേയും സംഭവങ്ങളേയും പറഞ്ഞ് അവിട്ടന്ന് ഇന്നും സന്തോഷത്തോടെ പലതും അരുളിച്ചെയ്യുന്നതിവിടെവച്ചാണ്.

1081-ൽ തിരുമനസ്സുകൊണ്ടു രാമേശ്വര

ത്തേയ്ക്ക് എഴുനെള്ളിയിരുന്നു. ഈ അവസരത്തിൽ തെക്കേ ഇന്ത്യയിലെ ശ്രുതിപ്പെട്ട മിക്ക പട്ടണങ്ങളും സന്ദർശിപ്പാൻ തിരുമനസ്സിലേയ്ക്ക് സാധിച്ചു.

സ്ഥാനാരോഹണംവരെയുള്ള മേൽപ്പുത്തന്റെ ജീവചരിത്രസംക്ഷേപം ഇവിടെ അവസാനിപ്പിക്കുന്നതിനു മുമ്പായി 1091 മകരമാസത്തെ 'കൈരളി' മാസികയിൽ തിരുമനസ്സിലെ സംബന്ധിച്ചു പ്രസിദ്ധപ്പെടുത്തിയ പത്രാധിപരുടെ അഭിപ്രായം കൂടി താഴെ ചേർക്കുന്നത് അനുചിതമായിവരികയില്ലെന്നു വിശ്വസിക്കുന്നു.

"ലോകവ്യാപാരങ്ങളിലുള്ള ദീർഘപരിചയം കൊണ്ടു 'പരിണതപ്രജ്ഞ'നായിത്തീർന്നിരിക്കുന്ന തിരുമനസ്സിലേക്കു രാജ്യകാര്യങ്ങളെ വഹിക്കുവാനുള്ള സകല യോഗ്യതകളും തികഞ്ഞിട്ടുണ്ട്.

"അവിടുന്നു ചെറുപ്പത്തിലേതന്നെ അതിവിശാലഹൃദയനും കുശാഗ്രബുദ്ധിയും ആയിരുന്നു. കാവ്യനാടകാലങ്കാരങ്ങളിൽ പരിചയിച്ചു വ്യുൽപത്തി ദാർഢ്യമുണ്ടായ ശേഷം അവിടുന്ന് തർക്കവും വേദാന്തവും കൂലങ്കഷമായി അഭ്യസിച്ചു. പിന്നീടു കാലാനുസരണമായി ഇംഗ്ലീഷുഭാഷയിലും നല്ല പാണ്ഡിത്യം സമ്പാദിച്ചു.

തിരുമനസ്സുകൊണ്ട്.

"കേവലം ശുഷ്കപ്രായങ്ങളായിരിക്കുന്ന തർക്ക വേദാന്താദികളെന്നുംതന്നെ പരോപകാരോപയോഗികളാക്കിത്തീർക്കുവാനുള്ള തരമില്ലെന്ന് അറിഞ്ഞ സമയം, വിശാലഹൃദയനായ തമ്പുരാൻ തിരുമനസ്സുകൊണ്ടു സർവ്വാനവദ്യമായിരിക്കുന്ന വൈദ്യശാസ്ത്രത്തെ ശരണംപ്രാപിച്ചു. ചരകം, സുശ്രുതം മുതലായ വൈദ്യഗ്രന്ഥങ്ങളിൽ ധാരാളം പരിചയം സമ്പാദിച്ചതിന്റെ ശേഷം, അവിടുന്ന് വിഷവൈദ്യഗ്രന്ഥങ്ങളായ ലക്ഷണാമൃതം, നാരായണീയം, സംഗ്രഹം, ജ്യോത്സ്നിക മുതലായവയും വിശേഷിച്ചും അഭ്യസിച്ചു. വിഷചികിത്സയിൽ പ്രയോഗപാടവവും അചിരേണ സമ്പാദിച്ചു. അദ്വിതീയനായ ഒരു വിഷവൈദ്യൻ എന്ന ഖ്യാതി ലോകമെങ്ങും പരന്നു. തിരുമനസ്സുകൊണ്ട് അസംഖ്യം വിഷബാധിതന്മാരുടെ ജീവനെ രക്ഷിച്ചിട്ടുണ്ട്. അവിടുന്നു വിഷചികിത്സയിൽ ചെയ്തിരിക്കുന്ന അത്യദ്ഭുതകർമ്മങ്ങളെല്ലാം സുപ്രസിദ്ധങ്ങളാകയാൽ ഇവിടെ പ്രത്യേകം എടുത്തു പറയുന്നില്ല.

"വിഷതന്ത്രത്തിലുള്ള പാരോരോ ഗ്രന്ഥതത്പരങ്ങളും അവിടുന്നു സഹോദരനേയും ഭാഗിനേയന്മാരേയും യഥാവിധി ഗ്രഹിപ്പിച്ചിട്ടുള്ളതുകൊണ്ട് അവർ ജാഗ്രൂകന്മാരായിരുന്നു വിഷവൈദ്യം ലോകോപ

കാരാത്മം ചെയ്ത യശസ്സും പുണ്യവും സമ്പാദിക്കുന്നു.

"ലൌകികവ്യവഹാരങ്ങളിൽ പരിചയിക്കുവാനുള്ള അവസരങ്ങൾ തിരുമേനിക്കു ഭാഗ്യവശാൽ ധാരാളം ഉണ്ടായിട്ടുണ്ട്. അവിടുന്ന് അമ്മതമ്പുരാൻ കോവിലകത്തെ കാര്യങ്ങൾ കയ്യേറ്റപ്പോൾ ആ വക കാര്യങ്ങളെല്ലാം അസാമാന്യമായ കുഴപ്പത്തിലായിരുന്നു. എന്നാൽ തിരുമനസ്സിലെ നയോപായംകൊണ്ടും സാമർത്ഥ്യംകൊണ്ടും കോവിലകം വക സകല വസ്തുക്കളും പൊളിച്ചെഴുത്തു കഴിച്ചു പാട്ടം മുതലായവ ശരിയായി പിരിയുവാനും പിരിക്കുവാനും വേണ്ട നിബന്ധനകളും ഏർപ്പാടുകളും ചെയ്തപ്പോൾ മുൻപിലത്തേക്കാൾ പതിന്മടങ്ങു വർദ്ധിച്ചിരിക്കുന്ന മുതലെടുപ്പുകൊണ്ടു കോവിലകം വക സകല ജോലികളും അല്പകാലത്തിനുള്ളിൽ തീർക്കുകയും ആണ്ടുതോറും മിച്ചംവരുന്ന വലിയ സംഖ്യ പൊതുജനങ്ങൾക്കു ചുരുങ്ങിയ പലിശയ്ക്കു കൊടുത്തു സഹായിച്ചു നഷ്ടപ്രായങ്ങളായ പല തറവാടുകളേയും പുനരുജ്ജീവിപ്പിക്കുകയും ചെയ്തു. ഈ വക കാര്യങ്ങളെല്ലാം തിരുമനസ്സുകൊണ്ടുതന്നെ വളരെ നിഷ്കർഷയോടും ശുഷ്കാന്തിയോടും ചെയ്തുപോന്നതുകൊണ്ട് അവിടേക്കു സി

ഉചിച്ചിരിക്കുന്ന കാര്യപരിജ്ഞാനവും ലോകപരിച യവും അനന്യസാധാരണം തന്നെ.

"ഇനിപ്പറവാനുള്ളതു തിരുമനസ്സിലെ ഗൃ ഹസ്ഥാശ്രമത്തെക്കുറിച്ചാകുന്നു. അവിടത്തെ സ ഹധർമ്മചാരിണിയായിരിക്കുന്നതിനുള്ള ഭാഗ്യം സി ദ്ധിച്ചതു ശ്രീമതി വി. കെ. പാറുക്കുട്ടി അമ്മയ്ക്കാ ണ്. ഈ സ്ത്രീരത്നം ജനിച്ചതു, കേരളത്തിലെങ്ങും പ്രസിദ്ധി സമ്പാദിച്ച തൃശ്ശിവപേരൂർ കുറുപ്പത്തു തറവാട്ടിലാണ്. സൌശീല്യം, സൌഭാഗ്യം, സൌ കുമാര്യം, ആഭിജാത്യം, ഔദാര്യം, ധൈര്യം മു തലായ വിശിഷ്ടഗുണങ്ങളെക്കൊണ്ട് അലംകൃതയാ യിരിക്കുന്ന ഈ സ്ത്രീരത്നം തമ്പുരാൻ തിരുമനസ്സി ലേക്ക് എത്രയും അനുരൂപയായ ഒരു പട്ടമഹിഷി തന്നെ. 'പഞ്ചലകാരം ഭാര്യാം പുരുഷഃ പുണ്യൈ രുദയാല്ലഭതേ' എന്നുള്ള വാക്യവും ഈ അവസര ത്തിൽ സ്മരണീയമാണ്. ഈ ദമ്പതിമാരുടെ ഗൃ ഹസ്ഥാശ്രമസുഖത്തെ സഫലമാക്കുവാനായി ഭ ഗവാനേ രണ്ടു പുത്രന്മാരും രണ്ടു പുത്രിമാരും ഉ ണ്ടായി. ഇവരെല്ലാവരും ഇപ്പോൾ കാലോചിത മായ വിദ്യാഭ്യാസവിഷയങ്ങളിൽ ഏർപ്പെട്ടിരിക്കുന്നു.

"സീമന്തപുത്രനെ പാശ്ചാത്യരാജ്യങ്ങളിലയച്ച് ഉചിതമായ വിദ്യാഭ്യാസം ചെയ്യിച്ചുവരുന്ന തിരുമ

നസ്സിലേക്ക കാലാനുരോധമായ പരിഷ്കാരങ്ങളിൽ അത്യന്തം ആനുകൂല്യമുണ്ടെന്നുള്ളതിനു വേറെ ദൃഷ്ടാന്തങ്ങൾ ആവശ്യമില്ലല്ലൊ. 'രാജാകാലസ്യകാരണം' എന്നുള്ള തത്വം തമ്പുരാൻ തിരുമനസ്സുകൊണ്ടു നല്ലവണ്ണം ധരിച്ചിട്ടുണ്ട്.

"തമ്പുരാൻ തിരുമനസ്സുകൊണ്ടു വലിയ ആഡംബരപ്രിയനല്ല. ആഡംബരങ്ങളിൽ ഭ്രമിച്ചു പോകാറുമില്ല. സകല കാര്യങ്ങളേയും സൂക്ഷ്മമായറിഞ്ഞു ഗുണദോഷനിരൂപണം ചെയ്കയാണ് പതിവ്. സാഹസമായിട്ടോ അവിവേകമായിട്ടോ യാതൊരു പ്രവൃത്തിയും ചെയ്തിട്ടില്ല. പ്രശാന്തനായ തമ്പുരാനെ ദ്വേഷ്യം കരിക്കലെങ്കിലും തീണ്ടി അശുദ്ധമാക്കീട്ടില്ല.

സഹസാ വിദധീത ന ക്രിയാ-
മവിവേകഃ പരമാപദാം പദം
വൃണതേ ഹി വിമൃശ്യകാരിണം
ഗുണലുബ്ധാഃ സ്വയമേവ സംപദഃ.

എന്നുള്ള ശ്ലോകത്തിന്റെ താല്പര്യം ഇത്രമാത്രം പ്രവൃത്തിമാർഗ്ഗത്തിൽ കൊണ്ടുവന്നിട്ടുള്ള മഹാന്മാർ വേറെയുണ്ടെന്നു തോന്നുന്നില്ല.

"തമ്പുരാൻ തിരുമനസ്സുകൊണ്ട് എപ്പെട്ടന്നു കാര്യങ്ങളെല്ലാം ഈരാറു പന്ത്രണ്ടായിട്ടാണ് കലാ

ശിക്കുന്നത്. ഇത് അവിടത്തേക്കുള്ള ഒരു പ്രത്യേക ഭാഗ്യമാണ്. അവിടത്തെ രാജ്യഭാരംകൊണ്ടു കൊച്ചി പൂർവ്വാധികം ധനപുഷ്ടിയുള്ളതായിത്തീരുമെന്നു ജനങ്ങൾ വിചാരിക്കുന്നതിലെന്താണ് അത്ഭുതം?"



കുന്നിന്മേൽ ബങ്കളാവ് — തിരുമനസ്സിലെ വസതി.

കൊച്ചി

വലിയതമ്പുരാൻ

തിരുമനസ്സുകൊണ്ട്.

ഉത്തരഭാഗം

സ്ഥാനാരോഹണം.

പ്രജകളുടെ തൃപ്തിക്കും, അന്യന്മാരുടെ പ്രശംസക്കും, മേൽകോയ്മയുടെ അഭിനന്ദനത്തിനും പാത്രമായി വളരെക്കാലം അതിവിശുദ്ധതയോടെ രാജ്യഭാരം ചെയ്ത രാജാ സർ. ശ്രീരാമവർമ്മ (ജി. സി. എസ്സ്. ഐ., ജി. സി. ഐ. ഇ.) മഹാരാജാവു തിരുമനസ്സുകൊണ്ടു പ്രായാധിക്യം കാരണമാക്കി സ്വസ്ഥനായിരിപ്പാൻ നിശ്ചയിച്ച് 1913 ഡിസെമ്പ്ര് മാസം 8-൦൦൯- ചെയ്ത വിളംബരം നിമിത്തം പ്രജകൾക്കുണ്ടായ ആശ്ചര്യവും വ്യസനവും, ആ സ്ഥാനത്തെ പിന്നീടലങ്കരിക്കുവാൻ പോകുന്ന തിരുമേനിയുടെ യോഗ്യതയെ കാണിച്ചാണു സമാധാനപ്പെട്ടത്. പ്രസ്തുതവിളംബരത്തിനു ശേഷം ഒരു കൊ

ല്ലം കഴിഞ്ഞ്, 1090 വൃശ്ചികം 22-ാംനു (1914 ഡിസേമ്പ്ര് 7-ാംനു) യാണ് മഹാരാജാവു തിരുമനസ്സിലെ സ്ഥാനത്യാഗമുണ്ടായത്. അതിനെ തുടർന്നു നമ്മുടെ ഔലിയതമ്പുരാൻ തിരുമനസ്സിലെ സ്ഥാനാരോഹണവും ഉണ്ടായി.

1915 ജനവരി 21-ാംനു മട്ടാഞ്ചേരി കോവിലകത്തു ബ്രിട്ടീഷു റസിഡേണ്ടു മിസ്റ്റർ ഫോബ്സിന്റെ സന്നിധാനത്തോടുകൂടി ചേർന്ന ഡർബാറിൽവെച്ചു പുതിയ രാജാവിന്റെ സ്ഥാനാരോഹണത്തെ സംബന്ധിച്ചുള്ള മേൽക്കോയ്മയുടെ വിളംബരം റസിഡണ്ടു വായിച്ചതിന്നു ശേഷം ആചാടെ വെച്ചു തിരുമനസ്സിലെ പ്രജകൾ തിരുമനസ്സിലേക്കു ഒരു അനുമോദനപത്രം സമർപ്പിക്കയുണ്ടായി. ഈ അനുമോദനപത്രവും അതിന്നു കല്പിച്ചുകൊടുത്ത മറുവടിയും തിരുമനസ്സിലെ രാജ്യഭരണത്തിന്റെ ആരംഭദശയുടെ ഒരു ഭാഗത്തെ വ്യക്തമാക്കുന്നതാണ്.

"ഈ സുമുഹൂർത്തത്തിൽ പ്രജകൾക്കു തിരുമനസ്സിലെ അഭിനന്ദിക്കുവാൻ മാത്രമല്ല സന്തോഷിപ്പാനും മതിയായ കാരണങ്ങളുണ്ട്. എന്തെന്നാൽ, മഹിമയേറിയ ഈ സ്ഥാനത്തെ സംബ

ന്ധിക്കുന്നതും വിഷമമേറിയതും ചിലപ്പോൾ സുഖ
മില്ലാത്തതുമായ പ്രവൃത്തികൾ ശരിയാംവണ്ണം നി
റവേറുവാൻ തിരുമനസ്സിലേക്കുള്ളതിലും അധിക
മായ യോഗ്യതയുള്ള ഒരു തമ്പുരാൻ ഈ സ്ഥാന
ത്തെ ഇതിനു മുമ്പ് അലങ്കരിച്ചിട്ടില്ല. വിദ്യാഭ്യാ
സംകൊണ്ടു സംസ്കരിച്ച ക്രമപ്പെട്ടതായ സ്വത
സ്സിദ്ധമായ തിരുമനസ്സിലെ ബുദ്ധിയും, വിശാല
വും നാനാമുഖവുമായ അറിവിന്റെ പരിചയവും,
ഏതൽക്കാലത്തെ രാജ്യഭരണസംബന്ധവും ധന
സംബന്ധവും ആയ വിഷയങ്ങളിൽ തിരുമനസ്സു
കൊണ്ടു സമ്പാദിച്ചിട്ടുള്ള അറിവും, ആ അറിവി
നെ ഏതുദ്ദേശത്തിന്റെ സ്ഥിതിക്കനുരൂപമായ വി
ധത്തിൽ ഉപയോഗിപ്പാനുള്ള പ്രാപ്തിയും, കർത്തവ്യ
കർമ്മത്തിൽ തിരുമനസ്സിലേക്കുള്ള നിഷ്ഠയും, ഈ രാ
ജ്യത്തിലെ ധനാഗമമാർഗ്ഗങ്ങളെയും പ്രജകളുടെ ജീ
വിതസുഖത്തെയും വർദ്ധിപ്പിപ്പാനുള്ള അവിടുത്തെ
ആഗ്രഹവും, ഇതിനൊക്കെ പുറമെ തിരുമനസ്സി
ലെ ഔദാര്യവും അഭിഗമ്യവും സൽസ്വഭാവ
ത്തോടുകൂടിയതുമായ നടപടികളും— ഈ വക ഗു
ണങ്ങളെല്ലാം തിരുമനസ്സിലെ പ്രജകളായ ഞങ്ങൾ
ക്കു വിശ്വാസമില്ലാത്തവയല്ല. ഈവക ഗുണങ്ങളു
ടെ അപൂർവ്വമായ മേച്ച്, ഉപയോഗപ്രദവും പ്ര

യോജനകരവും ആയ വഴികളിൽക്കൂടി ഈ രാജ്യത്തിന്റെ ഉത്തരോത്തരം അഭിവൃദ്ധിയെ ഉണ്ടാക്കുമെന്നും തദ്വാരാ സമൃദ്ധിയോടുകൂടിയതും വരാനിരിക്കുന്നതുമായ ഒരു ദശയുടെ മുഴുവൻ ഫലങ്ങളും അനുഭവിച്ചു സന്തോഷിപ്പാൻ ഇടവരുമെന്നും ഞങ്ങൾക്കു വിശ്വാസമുണ്ട്."

ഇപ്രകാരമാണു തിരുമനസ്സിലെ ഒട്ടൊഴിയാതെയുള്ള പ്രജകളുടെ പ്രതിനിധികൾ അനുമോദനപത്രത്തിൽ പ്രസ്താവിച്ചിട്ടുള്ളത്. ഇതിനു തിരുമനസ്സുകൊണ്ടു കല്പിച്ചുകൊടുത്ത മറുവടിയും പ്രത്യേകം പ്രസ്താവയോഗ്യമാണ്.

"വളരെക്കാലമായി ഈ രാജ്യത്തിന്റെ വളച്ചയേയും ഇതിലെ ജനങ്ങളുടെ ക്രമോന്നതമായ അഭിവൃദ്ധിയേയും നാം എറ്റവും ശ്രദ്ധാന്തിയോടെ മനസ്സിലാക്കുകയായിരുന്നു. നമ്മുടെ പുണ്യശ്ലോകനായ പൂവ്വികന്റെ സംരക്ഷണയിൽ ഓരോരോ കൊല്ലം കഴിയുമ്പോൾ ലൌകികമായ അഭിവൃദ്ധിയിലും, ആന്തരമായ സംസ്കാരത്തിലും, സാമുദായികമായ കൂട്ടുകെട്ടിലും ഈ രാജ്യം പൊങ്ങിപ്പൊങ്ങിവരുന്നതു നാം കണ്ടിട്ടുണ്ട്. എന്നാൽ ഈ രാജ്യത്തിന്റെ ഭാവിശ്രേയസ്സിലേക്കു വഴികാട്ടുകയെന്ന ആ വലിയ ഭാരം ഞാൻ വഹിക്കേണ്ടിവന്നിരിക്കു



തിരുവഞ്ചിക്കുളം ക്ഷേത്രത്തിൽ ആനയിരുത്തൽ.

ന്നു. ഇപ്പോഴാണ് എന്നിൽ സമർപ്പിച്ചിട്ടുള്ള ആ പാവനമായ വിശ്വാസത്തിന്റെ മൂഴുവൻ ഗൌരവത്തെ ഞാൻ മനസ്സിലാക്കുന്നത്. വന്ദ്യനായ എന്റെ ജ്യേഷ്ഠൻ തുടങ്ങിവെച്ച ഈ ഭാരമേറിയ പ്രവൃത്തി ഏതൊരു ഘട്ടത്തിലാണൊ അവിടുന്നു നിത്തിയത് ആ ഘട്ടത്തിൽ നിന്ന് ഏറെറടുക്കുകയെന്നത് നമ്മെ സംബന്ധിച്ചിടത്തോളം അത്ര എളുപ്പമായ ഒരു കാര്യമല്ല.

"നമുക്കുള്ള യോഗ്യതയെപ്പറ്റി വളരെ അതിശയോക്തിയോടെ നിങ്ങളുടെ അനുമോദനപത്രത്തിൽ പ്രസ്താവിച്ചിട്ടുണ്ടെങ്കിലും ഭരണവിഷയത്തിൽ നാം ഇപ്പോഴും അപരിചിതനാണെന്നു തത്വം മറച്ചുവെക്കത്തക്കതല്ല. എന്നിരുന്നാലും, പ്രജകളെ സഹായിച്ച് അവരുടെ കാര്യങ്ങളെ അഭിവൃദ്ധിയിൽ കൊണ്ടുവരേണമെന്നു നമുക്കുള്ള ആന്തരമായ ആഗ്രഹം കർത്തവ്യകർമ്മത്തെ തൃപ്തിയാംവണ്ണം നിറവേറുവാൻവേണ്ടി ആവശ്യമായ ശക്തിയേയും ഉത്സാഹത്തേയും ഉണ്ടാക്കിത്തരുമെന്നു നാം വിശ്വസിക്കുന്നു. ഇപ്രകാരം നമ്മുടെ പ്രവൃത്തിയിൽ ആവേശവും, നമ്മുടെ പ്രജകളുടെ ഭക്തിസ്നേഹങ്ങളോടുകൂടി ഹൃദയപുരസ്സരമായ സഹായവും, നമ്മുടെ ഉദ്യോഗസ്ഥന്മാരുടെ സ്വാമിഭക്തിയോടുകൂ

ടിയ സഹകരണവും, മേൽക്കോയ്മയുടെ ഇരുകമ്പ യോടുകൂടിയ സഹായോപദേശങ്ങളും ഉണ്ടായിട്ട ള്ള സ്ഥിതിക്കു നമ്മുടെ ജോലിയിൽ സധൈര്യം പ്രവേശിക്കാമെന്നാണു തോന്നുന്നത്. നമ്മുടെ രാ ജ്യത്തിന്റെയും പ്രജകളുടേയും ക്ഷേമത്തിനുവേണ്ടി നമ്മുടെ സമയത്തെ വിനിയോഗിക്കുന്നതിൽ പര മായി മറ്റൊരാകാംക്ഷയും നമുക്കില്ല. നമ്മുടെ നി രന്തരമായ പരിശ്രമം എപ്പോഴും ആ ക്ഷേമവും സ ന്തോഷവും കാത്തുരക്ഷിപ്പാൻ നമുക്കുള്ള ന്യായ ത്തെ സ്ഥാപിക്കുകയുമായിരിക്കും."

ഇപ്രകാരം രാജാവിന്റെയും പ്രജകളുടേയും ഉദ്ദേശങ്ങൾക്കു ഭിന്നത്വം വരാത്തവിധം സൌഹാ ർദ്ദത്തോടെ രാജ്യഭാരം ആരംഭിക്കുവാൻ തിരുമനസ്സി ലേക്കു സാധിച്ചുവെങ്കിലും അവിടുന്നു കയ്യേറ്റതാ യ ഭരണം കാലംകൊണ്ടും സ്ഥിതികൊണ്ടും വി ചാരിച്ചിരുന്നതിലും പുത്രയോ അധികം ഭാരമുള്ള തായിട്ടാണ് പരിണമിച്ചത്. "ഭൂതകാലത്തു വള രെയൊക്കെ പ്രവർത്തിച്ചിട്ടുള്ളതുകൊണ്ടു വർത്തമാന കാലത്തുണ്ടാകുന്ന ഒരു പുതിയ ഭരണത്തിൽ നേരി ടുന്ന വിഷയങ്ങളുടെ ഗൌരവം മങ്ങിമയങ്ങിപ്പോ വാനിടയുണ്ട്. അഭൂതപൂർവ്വമായവിധം വിദ്യാഭ്യാ സം വരുത്തിക്കൂട്ടീട്ടുള്ള മാറ്റം നിമിത്തം അഭിപ്രായ

യെപ്പറ്റിയും അധികാരാവകാശങ്ങളെപ്പറ്റിയും വ്യക്തമായ അഭിപ്രായഗതിയോടുകൂടി സങ്കലിതമായ ഒരു ജനസമുദായത്തോടാണ് ഇപ്പോൾ ഇടപെടേണ്ടതായിവന്നിട്ടുണ്ടത്. ഉഭയപ്രമുഖമായ ഈ അഭിപ്രായങ്ങളെ ന്യായാനുസരണം കണ്ണോടേണ്ടതായിട്ടുണ്ട്; അതിന്റെ ആവശ്യങ്ങളെ ശരിയായി ഗണിക്കണം; ശരിയായ വഴിയിൽക്കൂടി അതിനെ മുന്നോട്ടു വിടുവാൻ വേണ്ടുന്ന ധനവും നിയമങ്ങളും വേണം. ഈ വിഷയത്തെ സംബന്ധിച്ചുള്ള ധനകാര്യങ്ങളിൽ പിള്ളർ ബുദ്ധിമുട്ടൊന്നുമല്ല ഉണ്ടാക്കുക. എത്രത്തോളം അഭിവൃദ്ധിയുണ്ടാവാം, അതിന്ന് എത്രത്തോളം ധനം വേണ്ടിവരും എന്നാ രണ്ടു സംഗതിക്കും അവസാനം കാണ്മാറില്ല; പക്ഷേ സ്റ്റേറ്റിന്റെ ധനാഗമമാർഗ്ഗങ്ങൾക്കു ക്ലിപ്തമൊക്കെയുണ്ടുതാനും. ഗവർമ്മേണ്ടിന്റെ ധനസ്ഥിതിയെ അപേക്ഷിച്ചാണ് ആവശ്യമായ എല്ലാ പരിഷ്കാരങ്ങളും കിടക്കുന്നത്. ഇപ്പോഴത്തെ സ്ഥിതിക്കു ഗവർമ്മേണ്ടിന്റെ പ്രധാനമായ ധനാഗമമാർഗ്ഗങ്ങൾ മിക്കവാറും അവയുടെ ഉദ്ദിഷ്ടസംഖ്യയോളം എത്തീട്ടുണ്ടെന്നാണ് പറയേണ്ടത്. എന്നു മാത്രമല്ല മലങ്കാട് ഡിപ്പാർട്ടുമേണ്ടിനെപ്പറ്റി പറകയാണെങ്കിൽ ഭാവിയിൽ (ദൂരമേ കാരണം)

വലുതായ നഷ്ടം ഉണ്ടാവാനുള്ള വഴിയും കാണ്മാനുണ്ട്." എന്നാണ് 1090-ാമാണ്ടിലെ ഭരണറിപ്പോർട്ടിൽ ദിവാൻ മിസ്റ്റർ ഭോർ പ്രസ്താവിച്ചിട്ടുള്ളത്. പ്രജകളുടെ ആവശ്യവും, ഗവർമ്മേണ്ടിന്റെ ഏതൽകാലത്തെ ശക്തിയും ഈ അഭിപ്രായംകൊണ്ടു വ്യക്തമാകുന്നതാണല്ലോ.

ഇതിനു പുറമെ തിരുമനസ്സിലെ സ്ഥാനാരോഹണം ചരിത്രപ്രധാനമായ ഒരു കാലത്താണ് ഉണ്ടായത്. ഇപ്പോഠം നടക്കുന്ന ലോകമഹായുദ്ധം 1914 ആഗസ്ത് മാസം തുടങ്ങി 5 മാസം കഴിഞ്ഞപ്പോഴാണ് തിരുമനസ്സിലെ സ്ഥാനാരോഹണം. നാനാമുഖമായ ഭരണപരിഷ്കാരങ്ങൾ നിയമമൂലം തുടങ്ങിവെച്ച് 1914 മാർച്ച് മാസത്തിൽ മിസ്റ്റർ ബ്രാനഞ്ജി ദിവാൻപദത്തിൽനിന്നൊഴിഞ്ഞിരിക്കുന്നു. ആ സ്ഥാനത്തു നിയമിക്കപ്പെട്ട ദിവാൻ മിസ്റ്റർ ഭോറും കൊച്ചി ഭരണാധികാരികളിൽ ഒരു പുതിയ ആളായിട്ടാണ് വന്നത്. ഇപ്രകാരം വലുതായ പല പ്രതിബന്ധങ്ങളേയും തിരുമനസ്സിലെ രാജ്യഭരണത്തിന്റെ ആരംഭദശയിൽത്തന്നെ ജയിക്കേണ്ടിവന്നു.

ധനാഗമമാർഗ്ഗങ്ങൾ.

യഥാർത്ഥമായ വരവ് ഇത്രയുണ്ടാകുമെന്നു കൂട്ടിപ്പിടിച്ചു അതിനനുസരിച്ചു ചിലവിനെ താര

തമ്മിപ്പെടുത്തുകയെന്നതാണല്ലോ ധനശാസ്ത്രത്തിന്റെ മൂലതത്വം. ഈ തത്വത്തെ അവലംബിച്ചു പ്രവർത്തിക്കയെന്നതു പ്രയാസമാണെന്ന് അടുത്ത ചില കൊല്ലങ്ങളിലെ വരവുചിലവുകണക്കുകൊണ്ടു പ്രത്യക്ഷമാകുന്നതാണ്. ഗവർമ്മെണ്ടിന്റെ മുതലെടുപ്പിൽ പ്രധാനമായ ഭാഗം നിലനികുതിയാണല്ലോ. ഈ നിലനികുതിക്കു സെറിൽമേണ്ടു പ്രകാരം സാമ്മന്യമായ ഒരു ക്ലിപ്തം കിട്ടീട്ടുണ്ട്. എന്നാലും ഈ നികുതിയുടെ കായ്മുത്തിലും മതിയായ ക്ലിപ്തം ഉണ്ടായിട്ടില്ലെന്നു താഴെ ചേർക്കുന്ന കണക്കുകൊണ്ടു കാണാം.

കൊല്ലം	നിലനികുതിസംഖ്യ വരവ്
1086	11,69,465
1087	11,66,901
1088	12,91,095
1089	12,16,301
1090	11,77,028
1091	11,45,792
1092	11,62,541
1093	11,70,400+264000

ഈ കണക്കുപ്രകാരം നിലനികുതി വരവ് ഏതാ

ണ്ട് $11\frac{1}{2}$ ലക്ഷം ഉറുപ്പിക ക്ലിപ്തമായിരിക്കുന്നുണ്ടെന്നു പറയാം. 88—89 എന്നീ രണ്ടു കൊല്ലങ്ങളിൽ വരവിൽ വലുതായ വർദ്ധന കാണ്മാനുണ്ട്. ഈ വർദ്ധനയ്ക്കു കാരണം ഗവർമ്മേണ്ടു ഭൂമികാര്യവിചാരുണ്ടായ സംഖ്യയാണ്. ഗവർമ്മേണ്ടിന്ന് എല്ലാ കാലത്തും ഭൂമി വില്ക്കുവാനുണ്ടാകുന്നതരമില്ല. പിന്നെ പ്രധാനമായ ഒരു വരവ് 'ഉപ്പു ചുങ്കം കുത്തക' എന്ന വകുപ്പിലാണ്. ഈ വരവിന്നും ക്ലിപ്തമില്ല.

കൊല്ലം	വരവുസംഖ്യ
1086	9,78,394
1087	10,79,476
1088	10,40,460
1089	11,48,649
1090	12,59,106
1091	13,22,930
1092	12,28,530
1093	12,22,900+5,88,900

പ്രത്യേകകാരണങ്ങളാൽ ചില കൊല്ലങ്ങളിൽ ഈ വരവു വർദ്ധിക്കുകാണുന്നതല്ലാതെ എല്ലാ കൊല്ലവും വർദ്ധനയുണ്ടാകുമെന്ന് ഊഹിപ്പാൻ തരമില്ലാതെയാണ് ഈ വകുപ്പിലും വന്നിട്ടുള്ളത്.

ചുങ്കം വക ബ്രിട്ടീഷുഗവമ്മേണ്ടിൽനിന്ന് ഒന്നായി ഒരു സംഖ്യ കിട്ടുകയാലാണ് 1093-ൽ പന്ത്രണ്ടു ലക്ഷത്തിലധികമുണ്ടായത്. യുദ്ധംകൊണ്ട് ഉണ്ടായിട്ടുള്ള ചില നഷ്ടങ്ങൾ തീർപ്പാൻ ഉപ്പുനികുതി വർദ്ധിപ്പിച്ചിട്ടുണ്ടെങ്കിലും ആയത് എല്ലാ കാലവും നില്ക്കുന്നതല്ലതന്നെ. ഈ സ്ഥിതിക്ക് പന്ത്രണ്ടു ലക്ഷത്തിൽ അധികമായ ഒരു സംഖ്യ ഈ ഇനത്തിൽനിന്നു ക്രമമായി കിട്ടുമെന്ന് ഊഹിപ്പാനും തരമില്ലാതെയാണ് ഇപ്പോഴത്തെ സ്ഥിതികൊണ്ടു കാണുന്നത്.

മറുള്ള വരവുകളുടെ മാറ്റങ്ങളും ഏതാണ്ട് ഇത്തരത്തിൽ തന്നെയാണ്.

കൊല്ലം	മലങ്കാട്ട വക വരവു	മുദ്രപത്രം വകവരവു	തീവണ്ടി വക വരവു	പലവക വരവു
1086	3,12,364	4,31,772	5,62,461	3,98,351
1087	6,23,252	4,42,632	6,00,960	4,30,233
1088	7,22,724	4,67,815	7,84,954	4,81,602
1089	7,02,048	4,85,928	6,59,639	4,94,434
1090	6,06,058	4,39,413	6,68,795	4,74,855
1091	5,89,207	5,16.234	6,94,023	5,49,350
1092	3,97,044	5,16,071	7,93,489	5,35,423
1093	5,29,000	4,88,300	8,00,000	5,51,700

മലങ്കാട്ട ഡിപ്പാർട്ടുമേണ്ടിൽനിന്നുണ്ടാവുന്ന വരവിന്റെ അധോഗതിയും, ടാംവേ നിലനിത്തുവാൻ ഇപ്പോഠം കാലത്താൽ ചിലവിടേണ്ടി വരുന്ന അനേകാൽ ലക്ഷം ഉറുപ്പികയും, ടാം വേക്ക കാലപ്പഴക്കത്താൽ വരുന്ന കേടിനു വകതള്ളാതെ വരാവുന്ന നഷ്ടവും ആലോചിക്കുമ്പോഠം ഇപ്രകാരമുണ്ടാവുന്ന വരവിനെ ഒരുവരവായി ഗണിപ്പാൻതന്നെ തരമില്ലാതെയാണു വന്നിട്ടുള്ളത്. ഈ വക സംഗതികളാൽ ഗവർമ്മെണ്ടിന്റെ ശരിയായ മുതലെട്ടപ്പ് 43 ലക്ഷമായും ശേഷം കലത്താൽ ഉണ്ടാകുന്ന വരവ് അക്ലിപ്തമായ വരവായും ഗണിക്കേണ്ടിവരുന്നു. അക്ലിപ്തമായ വരവ് അതാതുകാലത്തെ വിശേഷാൽ ചിലവുകൊക്കെ വകയാക്കാമെന്നല്ലാതെ ശാശ്വതമായ പരിഷ്കാരങ്ങൊക്കായി വിനിയോഗിപ്പാൻ തരമില്ലാത്തതാണെന്നു പറയേണ്ടതില്ലല്ലൊ.

തിരുമനസ്സിലെ സ്ഥാനാരോഹണത്തിന്ന് അല്പം മുമ്പായിട്ടാണ് ധാരാളം പണച്ചിലവുള്ള അനവധി പരിഷ്കാരങ്ങൾ കൊണ്ടുവന്നു തുടങ്ങിവെച്ചത്. ഈ പരിഷ്കാരങ്ങൊ മിക്കതും ഡിപ്പാർട്ടുമേണ്ടുദ്യോഗസ്ഥന്മാരെ സംബന്ധിക്കുന്നതു മാത്രമായിരുന്നു. കൊല്ലംതോറും മാസ്സുടി കൂട്ടിക്കൊടുക്കുകയെ

ന്ന സമ്പ്രദായത്താൽ വലിയ ശമ്പളക്കാരായ ഉ
ദ്യോഗസ്ഥന്മാരുടെ എണ്ണം വളരെ വർദ്ധിപ്പിച്ചു.
ഡിപ്പാർട്ടുമേണ്ടുകളുടെ എണ്ണം വർദ്ധിപ്പിച്ചു പുതി
യ തസ്തികകളും അനവധിയുണ്ടാക്കി. ഇതിന്റെ
ഫലമായി ഭരണച്ചിലവു 33 ലക്ഷത്തിൽനിന്നു
49 ലക്ഷത്തിലേക്കു പെട്ടെന്നു കയറി. അതുമാത്രമ
ല്ല, കൊല്ലംതോറും ചിലവിൽ സ്ഥിരമായ ഒരു വ
ർദ്ധനയ്ക്കു വകയുണ്ടാവണമെന്നും വന്നു. ഈ വ
ർദ്ധന കുറെ കാലത്തേക്ക് ഇനിയും നിലനില്ക്കുകയും
ചെയ്യും. ഇതിനും പുറമെ 1089-ൽ പഞ്ചായത്തു
സഭകളുടേയും, പരസ്പരസഹായസംഘങ്ങളുടേയും
ഏർപ്പാടുകൾ തുടങ്ങിവെച്ചിട്ടുണ്ടായിരുന്നു. ഈ വ
കകളെല്ലാം സ്ഥാപനങ്ങളേയും സൃഷ്ടിച്ചു പോഷി
പ്പിക്കുകയെന്നതു, തുടങ്ങിവെക്കുന്നതിനേക്കാൾ ഭാ
രമേറിയതാണെന്നു പറയേണ്ടതുമില്ല. 1090-ാമാ
ണ്ടു തുടങ്ങുമ്പോൾ 12,02,274 ക. ഗവർമ്മേണ്ടിനു
കയ്യിരുപ്പുണ്ടായിരുന്നു. ഈ പന്ത്രണ്ടു ലക്ഷം ഉറു
പ്പിക കൊച്ചിഗവർമ്മേണ്ടിനെപ്പോലെ വരവിനു
ക്ലിഷ്ടമില്ലാത്ത ഒരു ഗവർമ്മേണ്ടിനു വളരെ സാരമാ
യ ഒരു പിന്താങ്ങായി വിചാരിപ്പാനും തരമുണ്ടാ
യിരുന്നില്ല. ഈ വക ധനസംബന്ധമായ സ്ഥിതി
കളെ ഒന്നുകൂടി കുഴപ്പത്തിലാക്കുവാൻ തിരുമനസ്സി

ലെ സ്ഥാനാരോഹണത്തോടുകൂടി ആരംഭിച്ച ലോകമഹായുദ്ധം സഹായിപ്പാനും വന്നു. ഇങ്ങിനെയൊക്കെയുള്ള പ്രതിബന്ധങ്ങൾ ഉണ്ടായിരുന്നിട്ടും 1094 തുടങ്ങുമ്പോൾ—നാലു കൊല്ലംകൊണ്ട്—ഗവർമ്മേണ്ടിന്റെ കയ്യിരിപ്പുമുതൽ ഒന്നിരട്ടിച്ചു $24\frac{3}{4}$ ലക്ഷമായി വർദ്ധിച്ചു എന്ന സംഗതിതന്നെ ഗവർമ്മേണ്ടിന്റെ ആയവ്യയത്തിൽ തിരുമനസ്സുകൊണ്ടു വളരെ മനസ്സിരുത്തി വരുന്നുണ്ടെന്നു തെളിയിക്കുന്നതാണ്. കൊച്ചി ഗവർമ്മേണ്ടിന്റെ ഭാവിശ്രേയസ്സിന് അടിസ്ഥാനമായ ധനസ്ഥിതിയെ എല്ലാവരും അറിഞ്ഞിരിക്കേണ്ടതാകയാൽ അല്പം വിസ്തരിക്കേണ്ടിവന്നതാണ്. മേൽപ്രസ്താവിച്ച സംഗതികളെ അടിസ്ഥാനപ്പെടുത്തീട്ടായിരിക്കണം ഇക്കൊല്ലത്തെ ആയവ്യയക്കണക്കിനെസ്സംബന്ധിച്ച റിപ്പോർട്ടിൽ ദിവാൻ മിസ്റ്റർ ഭോർതാഴെ ചേർക്കുംപ്രകാരം പ്രസ്താവിച്ചുകാണുന്നത്.

"യൂറോപ്പിൽ നടക്കുന്ന മത്സരത്തിന്റെ ശക്തി വർദ്ധിച്ചുവരുന്നതോടുകൂടി അതിന്റെ ഫലം കഴിഞ്ഞ നാലു കൊല്ലങ്ങളായി എതിർക്കേണ്ടിവന്ന പ്രതിബന്ധങ്ങളുടെ ശക്തിവർദ്ധിപ്പിച്ചുംകൊണ്ടാണു പ്രകാശിക്കുക. ഇതേവരെ സ്റ്റേറ്റിന്റെ വരവ്യവസാരമായവിധത്തിൽ യുദ്ധത്തിന്റെ ഫലം ബാ

ദിവാൻ മിസ്റ്റർ ഡെ. ഡബ്ലിയു. ഭോർ.

ധിച്ചിട്ടില്ല. എന്നാൽ ഇനി അങ്ങിനെ സമാധാനിപ്പാൻ തരമില്ല. 1093-ാമാണ്ടിന്റെ അവസാനകാലത്തുതന്നെ വരവിൽ ചില ഇനങ്ങളിൽ കാണത്തക്ക കുറവുണ്ടായിട്ടുണ്ട്. എന്നുമാത്രമല്ല സാധനവിലക്കയറ്റം കാരണം ചിലവ് എല്ലാ ഇനങ്ങളിലും കലശലായി വർദ്ധിക്കുകയും ചെയ്തിരിക്കുന്നു. ഇന്ത്യയിൽ എല്ലാടിക്കിലും കാണുന്നപ്രകാരം കൃഷിയുടെ സ്ഥിതി മനസ്സുമാധാനം കൊടുക്കുന്നുമില്ല.....ഭാവിയെപ്പറ്റി പറകയാണെങ്കിൽ സ്റ്റേറ്റിന്റെ ധനാഗമമാർഗ്ഗങ്ങൾ തെളിയിച്ചു പ്രജകളുടെ ധനാഭിവൃദ്ധിയെ പോഷിപ്പിക്കുവാൻ സഹായിക്കാത്തപക്ഷം അക്ലിഷ്ടമായി ക്രമേണമുഖമായി വർദ്ധിച്ചുകൊണ്ടിരിക്കുന്ന ഭരണപരിഷ്കാരവും യഥാസ്ഥാനത്തു ക്ലിഷ്ടമായിരിക്കുന്ന മുതലെടുപ്പും രണ്ടും തമ്മിൽ യോജിക്കാത്ത ഒരവസരം അധികം താമസിയാതെ വന്നുചേരുന്നതാണ്."

പ്രജകളുടെ ക്ഷേമവും ഗവർമ്മേണ്ടിന്റെ ശക്തിയും ക്ഷയിക്കാതിരിപ്പാൻ മാത്രമല്ല പോഷിപ്പിക്കുവാൻകൂടി എത്രമാത്രം തിരുമനസ്സിലെ ഗവർമ്മേണ്ടു മനസ്സിരുത്തി ശ്രമിക്കുന്നുണ്ടെന്ന് ഇനി പാവാൻ പോകുന്ന സംഗതികളിൽനിന്നു വ്യക്തമാകുന്നതാണ്.

ഭരണച്ചിലവ്

വരവിന്റെ കാര്യം മേൽപ്രകാരമൊക്കെയാണെങ്കിലും ചിലവിനെ സംബന്ധിച്ചു വേണ്ടിക്കിലൊന്നും യാതൊരു ലോഭവും തിരുമനസ്സിലെ ഗവർമ്മേണ്ടു കാണിച്ചിട്ടില്ല. പൊതുജനവിദ്യാഭ്യാസകാര്യത്തിൽ മുമ്പു തുടങ്ങിവെച്ച എല്ലാപ്പാടുകളെ പോഷിപ്പിച്ചും പുതിയ സൌകര്യങ്ങൾ ഉണ്ടാക്കിയും ആ ഇനത്തിലുള്ള ചിലവു ഇക്കഴിഞ്ഞ നാലു കൊല്ലത്തിനുള്ളിൽ വളരെ പടിപ്പിച്ചേക്കേണ്ടിവന്നിട്ടുണ്ടെന്നു മാഞ്ജനിൽ ചേർക്കുന്ന കണക്കുകൊണ്ടു കാണാവുന്നതാണ്. ഇങ്ങിനെ വർദ്ധിച്ചിട്ടുള്ളതിനു പുറമെ, ഇപ്പോൾ തുടങ്ങിയ 1094-ാമാണ്ടിൽ ആയവ്യയക്കണക്കുപ്രകാരം 6,76,600 ക. വക നീക്കി വെച്ചിട്ടുണ്ടെന്നുമാണ് കാണുന്നത്. നാലു കൊല്ലംകൊണ്ടു 2½ ലക്ഷത്തോളം ഉറുപ്പിക ഈ വിഷയത്തിൽ സ്ഥിരമായ ഒരു ചിലവായിവന്നിരിക്കുന്നു. ഈ അധികരിച്ച ചിലവിൽ കീഴിയഭാഗവും നാട്ടുപുറങ്ങളിൽ പ്രാഥമികവിദ്യാഭ്യാ

കൊല്ലം	ചിലവിട്ട സംഖ്യ
1089	4,30,689
1090	4,93,486
1091	5,26,094
1092	5,50,428
1093	6,19,800

സത്തിനു സൌകര്യമുണ്ടാക്കുവാനാണ് വിനിയോഗിച്ചിട്ടുള്ളത്. പുതിയ സ്കൂളുകളുടെ എണ്ണം വർദ്ധിച്ചതോടുകൂടി വിദ്യാർത്ഥികളുടെ എണ്ണവും സാമാന്യത്തിലധികം വർദ്ധിച്ചിട്ടുണ്ട്. 1089-ൽ ആകെ 1329 സ്കൂളുകളും 19315 പെൺകുട്ടികളുൾപ്പടെ 63810 വിദ്യാർത്ഥികളുമാണ് ഉണ്ടായിരുന്നത്. 1092-ാമാണ്ടിന്റെ കടവിൽ ഈ തുക 1383 സ്കൂളുകളും 24775 പെൺകുട്ടികളുൾപ്പടെ 79232 വിദ്യാർത്ഥികളും ആയി വർദ്ധിച്ചിരിക്കുന്നു. 1093-ാമാണ്ടിൽ വീണ്ടും വലുതായ വർദ്ധനയുണ്ടായിട്ടുണ്ട്. വിദ്യാർത്ഥികളുടെ വർദ്ധനയിൽ വലുതായ ഒരു ഭാഗം താണജാതിക്കാരുടെ ഇടയിൽനിന്നാണെന്നുള്ള സംഗതിയും പ്രത്യേകം പ്രസ്താവയോഗ്യമാണ്. ഈ ഒരഭിവൃദ്ധി പ്രജകളെ സംബന്ധിച്ചിടത്തോളം ഏറ്റവും സന്തോഷകരമായ ഒരു സംഗതിയാണ്.

കൃഷിവ്യവസായങ്ങൾ.

പ്രജാക്ഷേമത്തിനുപയുക്തമായ കൃഷി വ്യവസായം തുടങ്ങിയ വിഷയങ്ങളിൽ തിരുമനസ്സുകൊണ്ടു പ്രത്യേകം മനസ്സുവെക്കുന്നുണ്ട്. ഈ രണ്ടു വിഷയത്തിലുമുള്ള പരിശ്രമം ചെട്ടന്നു ഫലപ്രാപ്തി

യുണ്ടാക്കുന്നതല്ലല്ലോ. 1092-ൽ കൃഷിഡിപ്പാർട്ട്മേണ്ടിനെ പരിഷ്കരിക്കയും ക്രമമായ അഭിവൃദ്ധിക്കാവശ്യമായ നടവടിനിയമങ്ങൾ ഉണ്ടാക്കുകയും ചെയ്തു. ഡിപ്പാർട്ടുമേണ്ടു മുഖേന നടത്തുവാൻ നിശ്ചയിച്ച തോട്ടം ശുശ്രൂഷപേത്രരിന്റെ കിഴക്ക് കല്ലുക്കരയിൽ സ്ഥാപിച്ചു പ്രവൃത്തിയാരംഭിച്ചുത് ഇക്കൊല്ലത്തിലാണ്. അവിടെ വേണ്ടപ്പെട്ട കെട്ടിടങ്ങൾ ഉണ്ടാക്കിക്കഴിഞ്ഞാൽ കൃഷിശാസ്ത്രം പഠിപ്പിക്കുന്ന ഒരു വിദ്യാലയം അവിടെ ഏർപ്പെടുത്തുന്നതുമാണ്. കൃഷിശാസ്ത്രം പഠിക്കുവാൻ വിദ്യാർത്ഥികൾക്ക് ധനസഹായം ചെയ്യാൻ നിശ്ചയിച്ചതും നാട്ടുപുറങ്ങളിൽ പഞ്ചായത്തുസഭകൾ മുഖേന കൃഷിവ്യവസായപ്രദർശനങ്ങൾ നടത്തിച്ചതും കന്നുകാലിസംരക്ഷണത്തിന്നായി മൃഗവൈദ്യന്മാരെ അധികമായി ഏർപ്പെടുത്തിയതും എല്ലാം ഈ രണ്ടുനാലു കൊല്ലത്തിനുള്ളിൽ ചെയ്ത പ്രവൃത്തികളാണ്. വെള്ളമില്ലായ്കയാൽ കൃഷിചെയ്യാൻ സൌകര്യപ്പെടാതെ പാഴായി കിടക്കുന്ന സ്ഥലങ്ങൾ 'ഇറിഗേഷൻ' പ്രകാരം കൃഷിചെയ്യാൻ എവിടെ എല്ലാം സാധിക്കുമെന്നു കാര്യം അന്വേഷിച്ചുവരുന്നുണ്ട്. ഈ അന്വേഷണം പൂർത്തിയായിവരുന്നുണ്ട്. ഇതിന്റെ ഫലമായി ഇതുവരെ കൃഷിചെയ്യാത്ത ഭൂമികൾ പല

തും കൃഷിചെയ്യാൻ പറ്റിയവയാകുമെന്നു പറയേണ്ടതില്ലല്ലോ. കൃഷിചെയ്യാൻ പണമില്ലാതെ കഴുങ്ങുനവർക്കു ഗവർമ്മേണ്ടിൽനിന്നു പണം കടംകൊടുപ്പാനുള്ള നിയമത്തെ പരിഷ്കരിച്ച് അധികം സൌകര്യപ്രദമാക്കിയതും ഇതിനിടെയാണ്. നടക്കാവു മരങ്ങൾ വെച്ചു പിടിപ്പിച്ചും കൃഷികാര്യങ്ങളും മറും പ്രതിപാദിപ്പാൻ ക്ലിപ്തകാലത്തിൽ ഒരു പ്രസിദ്ധീകരണം വേണമെന്നു നിശ്ചയിച്ചും ഈ വിഷയത്തിൽ മതിയായ ശ്രദ്ധ ചെലുത്തിവരുന്നുമുണ്ട്.

വ്യവസായവിഷയവും വളരെ പ്രധാനമായി ഗണിക്കാതിരുന്നിട്ടില്ല. വ്യവസായപരിശീലനത്തിനായി നാട്ടുപുറങ്ങളിൽ ചിലേടങ്ങളിൽ കൈത്തൊഴിൽസ്കൂളുകൾ സ്ഥാപിച്ചതും കൊച്ചിശ്ശീമയിൽ പുതിയ വ്യവസായങ്ങൾ എന്തൊക്കെ ഏർപ്പെടുത്താമെന്ന് അന്വേഷണം നടത്തുവാനും മറുമായി ഒരു പ്രത്യേക ഉദ്യോഗസ്ഥനെ നിയമിച്ചതും പ്രസ്താവയോഗ്യമാണ്. വെള്ളച്ചാട്ടത്തിൽനിന്നു വൈദ്യുതശക്തിയുണ്ടാക്കി തദ്ദ്വാരാ ടാംവേ നടത്തുവാനും പുതിയ വ്യവസായങ്ങൾ നടത്തുവാനുമായി പല അന്വേഷണങ്ങളും നടത്തിക്കഴിഞ്ഞിരിക്കുന്നു. പ്രമാണപ്പെട്ട ചില ഇഞ്ചിനീയർമാർ ഈ പരിശ്രമം സഫലമായിത്തീരുമെന്ന് അഭിപ്രായപ്പെട്ടി

ട്ടുമുണ്ട്. ഈ വൈദ്യുതശക്തി കിട്ടുന്നതായാൽ കട ലാസ്സുവ്യവസായം തുടങ്ങി വമ്പിച്ച പല വ്യവസാ യങ്ങളും കൊച്ചിയിൽ തുടങ്ങുവാൻ ഇടവരുന്നതും തദ്വാരാ എത്രയോ ആയിരംപേർക്ക് അഹർവ്വൃത്തി ക്കു വഴിയായിത്തീരുന്നതുമാണ്. കൊച്ചിയിലെ കയറുമതിയിൽ പ്രധാനമായ നാളികേരംകൊ ണ്ട് ഈ രാജ്യത്തുവെച്ചുതന്നെ വലുതായ ചില വ്യ വസായങ്ങൾ ചെയ്യാൻ ടാറ്റാകമ്പനിക്കാരുമായു ള്ള ഏർപ്പാടുകൾ കുറുമുക്കാലും ആയിട്ടുണ്ടെന്നുപറ യാം. എറണാകുളത്ത് ആവശ്യമുള്ളേടത്തോളം സ്ഥലം പ്രസ്തുതകമ്പനിക്കാർക്ക് കൊടുപ്പാനും ഏ ർപ്പാടുചെയ്തുണ്ട്. ഈ വമ്പിച്ച രണ്ടു കാര്യങ്ങളും സഫലമായിത്തിരുന്നതായാൽ കൊച്ചിയുടെ ഐ ശ്വര്യം ദ്വിഗുണീഭവിക്കുമെന്നു പറയേണ്ടതില്ലല്ലോ. തൃശ്ശിവപേരൂരിലുള്ള കൃഷിബങ്കുളാവിൽ വ്യവസായ സംബന്ധമായ പ്രത്യേകപ്രദർശനസ്ഥാനം ഏർപ്പെ ടുത്തിയതും തിരുമനസ്സിലെ ഗവർമ്മെണ്ട് ഈ വിഷ യത്തിൽ പ്രത്യേകമായി ശ്രദ്ധവെക്കുന്നുണ്ടെന്നുള്ള തിനു ദൃഷ്ടാന്തമാണ്. ഗതാഗതത്തിനും കൃഷി വ്യവസായാഭിവൃദ്ധിയെ തുടർന്നുണ്ടാവേണ്ടതായ വാ ണിജ്യസൌകര്യത്തിനുമായി വെട്ടുവഴികൾ ഉണ്ടാ ക്കുവാൻ കൂടി പ്രത്യേകപ്രോഗ്രാം തയ്യാറാക്കീട്ടുള്ള

ളും, തുടുവപേത്രരിൽനിന്നു പൊള്ളാച്ചിയിലേക്കു തീവണ്ടിപ്പാതയുണ്ടാക്കുവാനുള്ള വിഷയം ആലോചനയിൽ എടുത്തിട്ടുള്ളതും തിരുമനസ്സിലെ ഗവ മേണ്ടിന്റെ ദീർഘദർശിതയെ വെളിപ്പെടുത്തുന്നുണ്ടല്ലോ.

കൃഷിവ്യവസായവാണിജ്യങ്ങൾ അഭിവൃദ്ധിപ്പെടേണമെങ്കിൽ കൊള്ളക്കൊടുക്കയ്ക്ക് സൌകര്യം വേണ്ടതാണ്. ഇപ്രകാരം സൌകര്യം കിട്ടുന്നതോടുകൂടി "ഐകമത്യം മഹാബലം" എന്ന പാഠം പഠിപ്പിക്കുവാനും ഉപകരിക്കുന്ന ഒരേർപ്പാടാണ് പരസ്പരസഹായസംഘങ്ങൾ. ഈ ഏർപ്പാടിന്റെ ഉത്ഭവം 1089-ലാണെങ്കിലും ഇതിനെ ശുശ്രൂഷിച്ചു പോഷിപ്പിക്കുക എന്ന പണി തിരുമനസ്സിലെ ഗവ മേണ്ടിന്റെ ഭാരമായിത്തീർന്നു. പുതിയ സംഘങ്ങൾ സ്ഥാപിച്ചും പണമില്ലാത്ത സംഘങ്ങൾക്കു പണം സഹായിപ്പാൻ ഗവമേണ്ടു ഏർപ്പാടുചെയ്തും മറുവിധത്തിലും സംഘങ്ങൾ ഈ ചുരുങ്ങിയകാലംകൊണ്ടു വളരെ വർദ്ധിച്ചുവെന്നു മാത്രമല്ല ഈ ഏർപ്പാടുകൊണ്ടുള്ള ഉപയോഗം പൊതുജനങ്ങൾ നല്ലപോലെ മനസ്സിലാക്കിത്തുടങ്ങുകയും ചെയ്തിരിക്കുന്നു. 1089-ൽ 575 മെമ്പർമാരുണ്ടായിരുന്ന 5 സംഘങ്ങൾക്കുംകൂടി 7774 ക. മൂലധനമാ

ണ്ടായിരുന്നത്. 1092-ന്റെ അവസാനമായപ്പോൾ 44 സംഘങ്ങളും അവയിലെല്ലാംകൂടി 3080 മെമ്പർമാരും ഉണ്ടായിരുന്നു. സംഘങ്ങളുടെ മൂലധനം 25052 ക. യായി വർദ്ധിച്ചുവെന്നുമാത്രമല്ല സംഘങ്ങളിൽ ഡപ്പോസിറ്റുകയും മറ്റുമായി 104298 ക. പിരിവുണ്ടാകയും 94121 ക. യോളം മെമ്പർമാക്ക് കടംകൊടുക്കുകയും ഉണ്ടായിട്ടുണ്ട്. 93-ാമാണ്ടിലും പുതിയ സംഘങ്ങൾ ഉണ്ടായിട്ടുണ്ട്. സംഘങ്ങൾക്കു ധനസൂക്ഷ്മായം ചെയ്വാനുള്ള ബാങ്കുകളും ഏർപ്പെടുത്തിയിരിക്കുന്നു. ഗവർമ്മെണ്ടു വക പണം ഈ ബാങ്കുകളിൽ സൂക്ഷിച്ചു ബാങ്കുകൾ മുഖേന സംഘങ്ങൾക്കു സഹായം ഉണ്ടാവാനുള്ള ഏർപ്പാടുകളും ഒട്ടുമുക്കാലും പൂർത്തിയായിരിക്കുന്നു. ഇതൊക്കെ പ്രജാക്ഷേമത്തിന്ന് ഏറ്റവും ഉപയുക്തമായിട്ടുള്ള ഏർപ്പാടുകളാണെന്നു പ്രത്യേകം പറയേണ്ടതുമില്ല.

സ്വയംഭരണസഭകൾ.

പൊതുജനങ്ങളെ ഭരണവിഷയത്തിൽ പരിശീലിപ്പിപ്പാനുള്ള ഏർപ്പാടുകളിൽ ഒന്നാമത്തേതു പ്രധാനപട്ടണങ്ങളിൽ ഏർപ്പെടുത്തിയ ടൌൺ കൌൺസിൽ എന്നു പറയപ്പെടുന്ന മുൻസിപ്പൽ

സഭകളാണ്. ഈ സഭകൾക്കു ശുചീകരണം തുടങ്ങിയ ചില പ്രവൃത്തികൾ നടത്തുവാനുള്ള സ്വാതന്ത്ര്യമായിരുന്നു ഉണ്ടായിരുന്നത്. പ്രതിഫലം കൂടാതെ പൊതുജനങ്ങൾക്കുവേണ്ടി പ്രയത്നിക്കുകയെന്ന സ്വഭാവമാണ് സ്വയംഭരണസഭകളുടെ ബീജം. സ്വാർത്ഥലാഭം മോഹിക്കാത്തവർ പ്രയത്നിപ്പാനുണ്ടെങ്കിലേ ഈ വക സഭകൾക്കു ശക്തി കൂടുകയുള്ളൂ. എന്നുമാത്രമല്ല, ഈ വക സഭകൾ പൊതുജനോപകാരപ്രദമാവാനും എന്നാലേ തരമുള്ളൂ. 1090-നു ശേഷം ടൌൺകൌൺസിലുകളുടെ ഘടനയിലും നടത്തിപ്പിലും സാരമായ ചില മാറ്റങ്ങൾ വരുത്തുകയും ഈ സഭകൾക്കു കൂടുതലായ സ്വാതന്ത്ര്യം കൊടുക്കുകയും ചെയ്തിട്ടുണ്ട്. ഗവർമ്മേണ്ടു മേലന്വേഷണം ചെയ്തിരുന്ന ചില പ്രവൃത്തികൾ കൌൺസിലിനു ഒഴിഞ്ഞുകൊടുത്തും, കൌൺസിൽമെമ്പന്മാരിൽ അധികപക്ഷക്കാരെയും തിരഞ്ഞെടുത്തു നിശ്ചയിപ്പാനുള്ള സ്വാതന്ത്ര്യം പട്ടണവാസികൾക്കു വിട്ടുകൊടുത്തും പൊതുജനങ്ങളിൽ വിശ്വാസം തിരുമനസ്സിലെ ഗവർമ്മേണ്ടു കാട്ടീട്ടുണ്ട്. എറണാകുളം, തൃശ്ശിവപേരൂർ എന്നീരണ്ടു കൌൺസിലിലെ പ്രസിഡണ്ടുമാരെ തിരഞ്ഞെടുത്തു നിയമിക്കാനുള്ള അധികാരം കൌൺസിലി

ന്ന വിട്ടുകൊടുത്തതും പ്രത്യേകം പ്രസ്താവയോഗ്യമാണ്. ഉൽകൃഷ്ടവിദ്യാഭ്യാസം സിദ്ധിച്ചവരിൽ അധികംപേരും താമസിക്കുന്ന പട്ടണങ്ങളിൽ സ്വയംഭരണാധികാരത്തെ വേണ്ടവിധം പ്രയോഗിപ്പാൻ അറിവുള്ളവർ അധികം ഉണ്ടായെന്നുവരാം. നാട്ടുപുറങ്ങളിൽ ഉള്ളവക്കും ഇത്തരം ഉത്തരവാടങ്ങളെ മനസ്സിലാക്കുവാനുള്ള ഏർപ്പാടുകളിൽ ഒന്നായ പഞ്ചായത്തുസഭകളാണ് 1089-ലാണ് തുടങ്ങിവെച്ചത്. ഈ സഭകൾ 89-ൽ തുടങ്ങിവെച്ചുവെന്നല്ലാതെ പ്രവൃത്തികൾ ആരംഭിച്ചതു 1090-ൽ ആണ്. ഈ സഭകൾ കേവലം ശുചീകരണസഭകൾ മാത്രമായിരുന്നു. 1089-ൽ തുടങ്ങിയ അഞ്ചു സഭകൾ ഉൾപ്പടെ ഇപ്പോൾ നാല്പതു പഞ്ചായത്തുസഭകൾ ഉണ്ടെന്നു കാണുമ്പോൾ തിരുമനസ്സിലെ ഗവർമ്മേണ്ട് ഈ വിഷയത്തിൽ പ്രത്യേകം നിഷ്കർഷവെക്കുന്നുണ്ടെന്നു കൃതജ്ഞതയോടെ പ്രസ്താവിക്കേണ്ടിയിരിക്കുന്നു. ഈ സഭകളുടെ എണ്ണം കൊല്ലംതോറും വർദ്ധിപ്പിക്കുന്നുണ്ട്. ക്രമേണ നാട്ടുപുറങ്ങളിലെല്ലാം ഈ സഭകൾ ഏർപ്പെടുത്തിക്കഴിയുന്നതാണ്. ഈ വക സഭകളുടെ ഉപയോഗം ക്രമോന്നതമായി വർദ്ധിപ്പിച്ചു രാജ്യഭരണത്തിന്റെ അടിസ്ഥാനം പഞ്ചായത്തുസഭകളിൽ ഉറപ്പിക്കുവാനുള്ള ശ്രമങ്ങ

ളും ചെയ്യാതിരുന്നിട്ടില്ല. ഏതാണ്ടം പഞ്ചായത്തു സഭകൾക്കു സിവിലും ക്രിമിനലും അധികാരങ്ങൾ കൂടെ കഴിഞ്ഞാണ്ടിൽ കൊടുത്തിട്ടുണ്ട്. പരിചയവും പ്രാപ്തിയുമുള്ളവർ സഭാംഗങ്ങളായുണ്ടാവാൻ ക്രമേണ സൌകര്യപ്പെടുന്നതോടുകൂടി ഈ വക അധികാരങ്ങൾ എല്ലാ പഞ്ചായത്തുസഭകൾക്കും കൊടുക്കേണ്ടതാണെന്നും തിരുമനസ്സുകൊണ്ടു കല്പിച്ചിട്ടുണ്ട്. പ്രദർശനങ്ങൾ നടത്തുന്ന കാര്യത്തിലും, പരസ്പരസഹായസംഘങ്ങൾ സ്ഥാപിക്കുന്നതിലും, എന്നുവേണ്ട പൊതുജനോപകാരപ്രദമായ എല്ലാകാര്യങ്ങളിലും പ്രവർത്തിച്ചു പ്രജകൾക്കു ക്ഷേമമുണ്ടാക്കുവാൻ ഈ ഏർപ്പാടുകൾ ഉത്തരോത്തരം ഉപകരിക്കുന്നുണ്ടെന്നാണു പറയേണ്ടതു്. പ്രധാനപട്ടങ്ങളിൽ 'മാണിറി'മജിസ്ട്രേട്ടമാരെ നിശ്ചയിപ്പാനുള്ള നിയമം കഴിഞ്ഞാണ്ടിൽ പാസ്സാക്കിയതും തിരുമനസ്സിലെ ഗവർമ്മേണ്ടിനു ജനങ്ങളെ അധികമധികമായി ഭരണകാര്യങ്ങളിൽ ഏർപ്പെടുത്തേണമെന്ന മോഹം ഭരണനയമായിത്തന്നെ പരിണമിച്ചിട്ടുണ്ടെന്നു തെളിയിക്കുന്നുണ്ടു്. ഇതിനു വേറെയും ദൃഷ്ടാന്തങ്ങളുണ്ടു്. ക്ഷേത്രങ്ങൾ അതാതു പ്രദേശത്തുണ്ടായിക്കാണണമെന്നതിന്റെ ഉദ്ദേശം അതാതു പ്രദേശക്കാരുടെ ആവ

ശ്രദ്ധിക്കുന്നതിനുമാണെന്നു പറയേണ്ടതില്ലല്ലൊ. തിരുമനസ്സുകൊണ്ടു രാജ്യഭാരം കയ്യേറുന്നതിനുശേഷമാണ് ഈ മൂലതത്വം ഗവർമ്മേണ്ടു സ്വീകരിച്ചതു്. ഡിപ്പാർട്ടുമേണ്ടു മുഖേന ഭരണം നടത്തുമ്പോൾ ക്ഷേത്രപരിചാരകന്മാർ മേലധികാരിമാരുടെ പ്രീതിയും സ്വാർത്ഥലാഭവും മാത്രമേ നോക്കുകയുള്ളൂ. ദേവന്റേയും, ആരാധനയ്ക്കു വരുന്നവരുടേയും ആവശ്യവും സൌകര്യവും അപ്രധാനമായിട്ടാണു ഗണിക്കുക. ഡിപ്പാർട്ടുമേണ്ടു കീഴ്ജീവനക്കാരുടേയും ക്ഷേത്രപരിചാരകന്മാരുടേയും നടവടികളെപ്പറ്റി അഭിപ്രായം റിക്കാർട്ടാക്കുവാൻ അതാതു പ്രദേശത്തെ പൌരപ്രമാണികൾക്കധികാരം കൊടുത്തതും, ഈ അഭിപ്രായങ്ങളെ അതാതുകാലം പരിശോധിച്ചു് ആവശ്യമെന്നു തോന്നുന്ന നിവൃത്തികൾ ചെയ്തുകൊടുപ്പാൻ ആജ്ഞാപിച്ചതും തിരുമനസ്സുകൊണ്ടാണ്. ഈ ഒരു എട്ടു ക്ഷേത്രങ്ങളുടെ ഉദ്ദേശത്തെ എത്രമാത്രം പൂർണ്ണമായി നിറവേറീട്ടുണ്ടെന്നുള്ളത് ആ വക ക്ഷേത്രങ്ങൾ അടുത്തകാലത്തു സന്ദർശിപ്പാൻ ഇടവന്നിട്ടുള്ളവക്കെല്ലാം വിവരമുള്ളതാണ്. പ്രജകൾക്ക് എന്തൊക്കെ പ്രവർത്തിച്ചാലാണോ തൃപ്തിയുണ്ടാവുക അതൊക്കെ പ്രവർത്തിക്കുവാൻ തിരുമനസ്സുകൊണ്ട് എപ്പോഴും ശ്രദ്ധയായിട്ടാണിരിക്കുന്നത്.

ആതുരസംരക്ഷണം.

ആതുരസംരക്ഷണവും തിരുമനസ്സുകൊണ്ടു വളരെ പ്രത്യേകമായിട്ടാണ് വിചാരിച്ചിട്ടുള്ളത്. യുദ്ധം കാരണം ഔഷധങ്ങൾക്കു വില കൂടീട്ടും ഇൗഡിപ്പാർട്ടുമേണ്ടുചിലവു വർദ്ധിപ്പിക്കുക കാരണം ആസ്പത്രികളിൽ മരുന്നില്ലാത്ത ക്ഷാമം അശേഷം ബാധിച്ചിട്ടില്ലെന്നു പറയാം. പൈതൃകമുപ്പിലും ചില ഗുണകരമായ പരിഷ്കാരങ്ങൾ തിരുമനസ്സിലെ ഗവർമ്മേണ്ടു ഏർപ്പെടുത്തിയിരിക്കുന്നു. ചിറയിൻകീഴ് താലൂക്കിൽ ദേശംതോറും സഞ്ചരിച്ചു ചികിത്സിക്കുന്ന കരാസ്പത്രി ഏർപ്പെടുത്തിയതും, നാട്ടുപുറങ്ങളിൽ പ്രസവവേദനയെ കഴിയുന്നേടത്തോളം ആശ്വസിപ്പിക്കുവാൻ വയറാട്ടിമാരെ തുശ്ശിവപേത്തരാസ്പത്രിയിൽവെച്ചു പഠിപ്പിച്ചു നാട്ടുപുറങ്ങളിലേയ്ക്കു അയപ്പാനും അവർക്കു യഥോചിതമായ പ്രതിഫലം കൊടുപ്പാനും ഏർപ്പാടുകൾ ചെയ്തിട്ടുള്ളതും പ്രത്യേകം പ്രസ്താവയോഗ്യമാണ്. ആയുർവ്വേദപോഷണവും വിസ്മരിച്ചിട്ടില്ല. ആയുർവ്വേദസമാജം വകയായി ചെറുതുരുത്തിയിൽ സ്ഥാപിച്ചിട്ടുള്ള ആസ്പത്രിക്കു സ്ഥലം സൌജന്യമായി കൊടുത്തതിനുപുറമെ, ന്യായമായ ധനസഹായവും ചെയ്തുവരുന്നുണ്ട്.

യുദ്ധം.

യുദ്ധം കാരണമായി ധനസംബന്ധമായ പല കുഴപ്പങ്ങളും ഉണ്ടായിട്ടുണ്ടെങ്കിലും യുദ്ധത്തിനു വേണ്ടി മേൽക്കോയ്മയ്ക്കു പലേവിധമായസഹായങ്ങളും ശക്തിയിൽ കവിഞ്ഞും പ്രവർത്തിച്ച കടമയെ വേണ്ടവിധം നിറവേറാതിരുന്നിട്ടില്ല. തിരുമനസ്സിലെ വകയും നേത്യാരമ്മയുടെ വകയും മറുമായി എത്രയോ ആയിരം ഉറുപ്പിക സ്വകാര്യമുതലിൽ നിന്നു യുദ്ധഫണ്ടിലേയ്ക്കു കൊടുത്തുകഴിഞ്ഞിരിക്കുന്നു. സഭകൾ വിളിച്ചുകൂട്ടിയും, ചില, സഭകളിൽ അധിപത്യം സ്വീകരിച്ചും, നാടകയോഗക്കാരെ പ്രോത്സാഹിപ്പിച്ചും യുദ്ധഫണ്ടിലേയ്ക്കുള്ള പിരിവിന്റെ കാര്യത്തിൽ ഒരു ധർമ്മപത്നിയുടെ നിലയിൽ നേത്യാരമ്മ സ്തുത്യർഹമാംവിധം പരിശ്രമിക്കുന്നുണ്ടെന്നുള്ളത് ഇവിടെ സ്മരണീയമാണ്. സ്റ്റേറുവകയായി ഒരുലക്ഷം ഉറുപ്പിക യുദ്ധഫണ്ടിലേയ്ക്കു കൊടുത്തിട്ടുള്ളതിനു പുറമെ മാസംതോറും ഓരായിരം ഉറുപ്പിക വീതം മദിരാശി ആസ്ത്രിക്കപ്പലിന്റെ നിത്യച്ചിലവിലേയ്ക്കു സംഭാവനയായും കൊടുത്തുവരുന്നുണ്ട്. ഇതുകൊണ്ടും ആയില്ല, യുദ്ധക്കടത്തിലേയ്ക്കു 3,34,200 ക. യോളം കൊടുക്കുകയും സ്റ്റേറിലെ ജനങ്ങളെക്കൊണ്ടും ഉദ്യോഗസ്ഥന്മാരെ

ക്കൊണ്ടും വലുതായ സംഖ്യകൾ കടം കൊടുപ്പിക്കുകയും ചെയ്തിട്ടുണ്ട്.

ഈ വക ധനസഹായങ്ങൾക്കു പുറമെ ശത്രുരാജ്യക്കാരുമായുള്ള കൊള്ളക്കൊടുക്ക നിർത്തൽചെയ്യാനും, യുദ്ധസംബന്ധമായ വർത്തമാനങ്ങൾ പ്രസിദ്ധംചെയ്യുന്നതു ക്രമപ്പെടുത്താനും മറ്റുമായി ഗസ്റ്റലേഷനും വിളംബരങ്ങളും പ്രസിദ്ധം ചെയ്ത് അങ്ങിനെയും സഹായിച്ചിട്ടുണ്ട്. ഇതിനൊക്കെ പുറമെ ഒരു പ്രത്യേക ഉദ്യോഗസ്ഥനെ നിയമിച്ച പട്ടാളത്തിൽ ആളുകളെ ചേർപ്പിച്ച് അയപ്പുകൊടുപ്പിച്ചിരിക്കുന്നു. ഇപ്പോഴും ഈ പ്രവൃത്തി നടക്കുന്നുണ്ട്.

യുദ്ധം കാരണം സാധനവില വർദ്ധിക്കുകയാൽ ബുദ്ധിമുട്ടുന്ന ചില്ലറ ശമ്പളക്കാരുടെ കാര്യവും തിരുമനസ്സിലെ ഗവർമ്മേണ്ടു വിസ്മരിച്ചിട്ടില്ല. ഇതുവരെ പത്തുറുപ്പികവരെ മാസ്സടി വാങ്ങുന്നവർക്ക് ഒരു പ്രത്യേക അലവൻസു കൊടുപ്പിച്ചിരിക്കുന്നു. ഇക്കൊല്ലം മുതൽ ഈ ദയാന്യായം 20 രൂ. വരെ മാസ്സടി വാങ്ങുന്നവർക്കും ഫലത്തിൽ വരുത്തിയിരിക്കുന്നു. ഇതുകാരണം 92000 രൂ. യോളം ഇക്കൊല്ലത്തിൽ അധികച്ചിലവു വേണ്ടിവരുമെന്നാണു കണക്കാക്കീട്ടുള്ളത്.

നിയമനിർമ്മാണം.

വില്ലേജ് പഞ്ചായത്ത്, പരസ്പരസഹായസംഘം തുടങ്ങിയ ഏർപ്പാടുകളെ സംബന്ധിച്ചും സിവിൽ ക്രിമിനൽ നടവടികളെ സംബന്ധിച്ചും ഡിപ്പാർട്ടുമേണ്ടുവകയായും പൊതുജനോപകാരപ്രദമായ പല നിയമങ്ങളും കഴിഞ്ഞ നാലു കൊല്ലത്തിനുള്ളിൽ നടപ്പിൽ വരുത്തേണ്ടതായിവന്നിട്ടുണ്ട്. കൂടാതെ മുൻസിപ്പൽ റഗുലേഷനേയും, കമ്പനി റഗുലേഷനേയും പരിഷ്കരിപ്പാനുള്ള ആലോചന നടന്നുവരുന്നു. നായന്മാരുടെ വിവാഹബന്ധത്തെപ്പറ്റിയും, ക്രിസ്ത്യീയരുടെ പിൻതുടച്ചവകാശത്തെപ്പറ്റിയും നിയമങ്ങൾ ഉണ്ടാക്കേണ്ടതുണ്ടോ എന്ന് അന്വേഷിച്ചുവരുന്നു. മൃഗങ്ങളോട് ദയയില്ലായ്മ കാട്ടുന്നതു നിർത്തൽചെയ്യാൻ ഒരു നിയമം ഉണ്ടാക്കുവാനുള്ള ആലോചനയും പുരോഗമിച്ചുവരുന്നുണ്ട്.

വിശേഷസംഭവങ്ങൾ.

തിരുമനസ്സിലെ സ്ഥാനാരോഹണം കഴിഞ്ഞതിനുശേഷം 1090-മാണ്ടിൽ ഒന്നാമതായി സ്വീകരിച്ച പുറത്തേയ്ക്കു പോയതു മധ്യവേനൽ ചുമാണിച്ചുക്കുന്നരിൽ താമസിപ്പാൻ പോയതാണു്. പഴയന്നൂർ ഗോവതീക്ഷേത്രത്തിലും പള്ളിയറക്കാവി

ബറോഡരാജാവും പത്നിയും തിരുമനസ്സുകൊണ്ടും പത്നിയും.

ലും തൊഴുത് 1915 മാർച്ച് 23-ാംനു- കുന്നുക്ക് പുഴ ന്നെള്ളി. രണ്ടുമാസത്തിലധികം അവിടെ താമസിച്ചു മെയി 28-ാംനു- (എടവം 14-ാംനു-) തുപ്പൂണിത്തുറയ്ക്കു മടങ്ങുകയും ചെയ്തു.

തെക്കേ ഇന്ത്യയിലെ സൈന്യനായകനായ ജനറൽ സർ. ജോൺ നിക്സനും (കെ. സി. ബി.) ബറോഡമഹാരാജാവും പത്നിയും ഇക്കൊല്ലത്തിൽ തിരുമനസ്സിലെ അതിഥികളായി കൊച്ചിയിൽ വന്നു താമസിച്ചിരുന്നു. ജനറൽ സർ. നിക്സൻ 1915 ജനുവരി 1-ാംനു- എറണാകുളത്തു വന്ന് അന്ന് അവിടെ താമസിച്ചു പിറ്റേദിവസം മടങ്ങിപ്പോയി. ബറോഡമഹാരാജാവും പത്നിയും തൃശ്ശിവപേരൂർ മാർഗ്ഗം ജൂലായി 5-ാംനു- എറണാകുളത്തെത്തി മൂന്നു ദിവസം തിരുമനസ്സിലെ അതിഥ്യം സ്വീകരിച്ചു താമസിക്കയുണ്ടായി.

1091 ധനുമാസത്തിൽ തിരുമനസ്സിലേയ്ക്കു മദിരാശി ഗവണ്മെന്റുടെ ക്ഷണനമനുസരിച്ചു മദിരാശിക്ക് എഴുന്നെള്ളേണ്ടിവന്നു. യുദ്ധഫണ്ടിലേയ്ക്കു ധനശേഖരം ചെയ്യാനായി മദിരാശി ഗവമ്മേണ്ടിന്റെ ഉത്സാഹത്തിന്മേൽ അവിടെവെച്ചു പ്രദർശനവും 'പാർക്ക് ഫെയർ' എന്നു പറയപ്പെടുന്ന കാഴ്ചവസ്തുക്കളും നടത്തുവാൻ ആലോചിച്ചുറച്ചു. അതിന്റെ ഭ

രണകുത്താക്കളായി നിയമിക്കപ്പെട്ട കമ്മറിയിൽ തിരുമനസ്സുകൊണ്ടും ഒരു പ്രധാനാംഗമായിരുന്നു. ധനു 6-ാംനു- എറണാകുളത്തുനിന്ന് എഴുനാള്ളത്തു പുറപ്പെട്ട ചെറുതുരുത്തിയിൽ അന്നു താമസിച്ചു പിറേദിവസം പ്രത്യേകവണ്ടിയിലാണു മദിരാശിക്കു പോയത്. ഈ യാത്രയിൽ മുള്ളുക്കരസ്റ്റേഷനിൽ പാലിയത്തു വലിയച്ചൻ വളരെ ആഘോഷത്തോടെ വന്നു തിരുമനസ്സിലെ ആദരിക്കുകയുമുണ്ടായി. ചെറുതുരുത്തിയിൽവെച്ചു നാട്ടുകാരുടെ വകയും നമ്പൂതിരിമാരുടെ വകയും മംഗളപത്രങ്ങൾ സമർപ്പിക്കുകയും ഉണ്ടായി. മദിരാശിയിൽ വണ്ടിയിറങ്ങിയപ്പോൾ തിരുമനസ്സിലെ എതിരേല്ക്കുവാനായി ഗവണ്മെന്റുടെ പ്രതിനിധിയെ കൂടാതെ അന്നു മദിരാശിയിലുണ്ടായിരുന്ന പ്രമാണപ്പെട്ടവരൊക്കെ സ്റ്റേഷനിൽ ഹാജരുണ്ടായിരുന്നു. ഹൈക്കോർട്ടു വക്കീൽ രാമചന്ദ്രയ്യരവർകളുടെ നേതൃത്വത്തിൻകീഴിൽ കൊച്ചിക്കാരും മദിരാശിയിൽ താമസിക്കുന്നവരുമായ മലയാളികളെല്ലാം സ്റ്റേഷനിൽ ഹാജർകൊടുത്തിരുന്നു. പിറേദിവസം രാജഭ്രാതൃന്മാരായ ഇവരുടെ വകയായി ഒരു മംഗളപത്രം സമർപ്പിക്കുകയും, ഒരു ഗ്രൂപ്പ് ഫോട്ടോ എടുക്കുകയും ഉണ്ടായി.

മദിരാശിയിൽ തിരുമനസ്സുകൊണ്ടു ധനു



തിരുമനസ്സുകൊണ്ടും മഭിരാശിയിലുള്ള കൊച്ചി നിവാസികളും

8_ാംനു- മുതൽ 22_ാംനു- വരെ താമസിച്ചു. കാ ഴ്ചവന്തു, പ്രദർശനം തുടങ്ങിയ ആഘോഷങ്ങളെ ല്ലാം തുക്കൺപാത്തും, മദിരാശിയിൽ പ്രധാനമാ യി കാണ്മാനുള്ളതെല്ലാം കണ്ടും, ഗവർണ്ണരും സർ. ശിവസ്വാമിഅയ്യർ തുടങ്ങിയ കൌൺസിൽ മെ മ്പർമാരും ആയുള്ള കൂടിക്കാഴ്ചകളും എല്ലാം കൂടി മടങ്ങി എഴുന്നള്ളുന്നതുവരെ തിരക്കായിത്തന്നെ കഴിയേണ്ടിവന്നു. ഈ യാത്രയിൽ ബോബിലിമഹാ രാജാവ്, ദിവാൻബഹദൂർ മന്ദത്തു കൃഷ്ണൻനായർ, കവളപ്പാറ മൂപ്പിൽനായർ, രാമനാട രാജാവു, മ ദിരാശി ബിഷപ്പു, വെങ്കിട്ടഗിരി രാജാവു, തഞ്ചാ വൂർ രാജാവു, പണ്ഡിതമദനമോഹനമാളവ്യ തു ടങ്ങി പലരും തിരുമനസ്സിലെ വന്നുകാണുകയുണ്ടാ യിട്ടുണ്ട്.

ദൽഹിയാത്ര.

1092_ാമാണ്ടിലെ പ്രധാന സംഭവങ്ങളിൽ ഒന്നു തിരുമനസ്സുകൊണ്ടു വടക്കേ ഇന്ത്യയിലേക്ക് എഴുന്നള്ളിയതാണ്. 1916 ആഗ്സ്റ്റ് 30_ാംനു- ദൽഹിയിൽ വെച്ചു വൈസ്രായിയുടെ അദ്ധ്യക്ഷ തയിൽ ഇന്ത്യയിൽ ഭരണാധികാരമുള്ള രാജാക്ക ന്മാരുടെയും പ്രഭുക്കന്മാരുടെയും ഒരു യോഗം ചേ

രുവാനുള്ള ഇന്ത്യാഗവർമ്മെണ്ടിന്റെ ഉദ്ദേശത്തെ തിരുമനസ്സറിയിച്ചിരുന്നു. ഈ സഭയുടെ ഉദ്ദേശം, സ്വദേശഭ്രഷ്ടന്മാരാൽ ഭരിക്കപ്പെടുന്ന രാജ്യങ്ങളെ സംബന്ധിച്ചുള്ള ചില സംഗതികളെപ്പറ്റി ആലോചിപ്പാനായിരുന്നു. ഇന്ത്യാഗവർമ്മെണ്ടിന്റെ ഉദ്ദേശത്തെ നിവൃത്തിക്കുന്നതിലേക്കുവേണ്ടി വടക്കേ ഇന്ത്യയിലുള്ള പ്രധാന സ്ഥലങ്ങളെല്ലാം സന്ദർശിപ്പാനും തിരുമനസ്സുകൊണ്ടു നിശ്ചയിച്ചു. അങ്ങനെ 8-ാംനു- തിരുമനസ്സുകൊണ്ടു പതിനഞ്ചുമേനായി പരിവാരങ്ങളോടുകൂടി ഏറണാകുളത്തുനിന്നു പുറപ്പെട്ടു പിറേദിവസം മദിരാശിയിൽ എത്തി. രണ്ടു ദിവസം അവിടെ താമസിച്ചു. തിരുമനസ്സിലെ ഈ എഴുന്നള്ളത്ത് ഏറ്റവും സൌകര്യപ്പെടുത്തുവാൻ മദിരാശിഗവർമ്മെണ്ടു വേണ്ടപ്പെട്ട ദിക്കിലെല്ലാം ആവശ്യമായ ഏർപ്പാടുകളെല്ലാം ചെയ്തിരുന്നു. അങ്ങനെ 10-ാംനു- മദിരാശിയിൽനിന്നു പുറപ്പെട്ടു വഴിക്കു തുംഗഭദ്ര, ഷോളാപ്പൂർ ഇവിടങ്ങളിൽ ഇറങ്ങി താമസിച്ചു 21-ാംനു- ബോമ്പായിൽ എത്തി. ബോമ്പായിപട്ടണത്തിൽ കാണ്മാനുള്ളതെല്ലാം തിരുമനസ്സുകൊണ്ടു എഴുന്നള്ളി കാണുകയുണ്ടായി. തുറമുഖം കാണ്മാൻ എഴുന്നള്ളിയപ്പോൾ തുറയിലുണ്ടായിരുന്ന മദിരാശി ആസ്സ്ത്രി

ക്കപ്പലിൽ എഴുന്നള്ളുകയുണ്ടായി. ബറോഡ മഹാ രാജാവിന്റെ ആതിത്ഥ്യം സ്വീകരിച്ചു ബോമ്പാ യിൽനിന്നു ബറോഡ വഴിക്കാണു എഴുന്നള്ളിയത്. വഴിയിൽ ബില്ലിമോറ എന്ന സ്ഥലത്തിറങ്ങി അ വിടെയുള്ള മെഴുത്തിരിവ്യവസായശാല സന്ദർശിക്ക കയുണ്ടായി. ബറോഡയിൽ വളരെ ആഘോഷ ത്തോടുകൂടിയാണ് തിരുമനസ്സിലെ സ്വീകരിച്ചത്. ബ റോഡയിലുള്ള പ്രധാനപ്പെട്ട കാഴ്ചകളെല്ലാം കണ്ട് തിരുമനസ്സുകൊണ്ടു അഹമ്മദബാദ് വഴി അജമീരിലേ ക്കെഴുന്നള്ളി. അജമീരിൽ താമസിക്കുമ്പോൾ അ വിടത്തെ രാജകുമാരകോളേജു സന്ദർശിക്കുകയുമു ണ്ടായി. ചെന്ന ദിക്കിലെല്ലാം കാണ്മാനുള്ള കാഴ്ച കളെ, ഗ്രഹിപ്പാനുള്ള പ്രത്യേകസംഗതികളെ ാകണം തിരുമനസ്സുകൊണ്ടു വിട്ടുകളഞ്ഞിട്ടില്ല. എ ല്ലാവക്കും അഭിഗമ്യമായ ഭാവവും എപ്പോഴും സൌമ്യവും സൌഹാർദ്ദഭരിതവും ആയ പെരുമാറ്റ വുംകാരണം ചെന്ന ദിക്കിലെല്ലാം തിരുമനസ്സിലെ പ്പറ്റി വളരെ നല്ല അഭിപ്രായമാണ് ഉണ്ടായിട്ടുള്ള തെന്നതു വളരെ അഭിമാനകരമായ സംഗതിയാ ണ്. അക്ടബ്രു 30-൦നു-ക്കു മുമ്പു തന്നെ ദൽഹി യിൽ എഴുന്നള്ളത്തെത്തി. ഇവിടെയും ഇന്ത്യാഗ വർമ്മേണ്ടിന്റെ പ്രതിനിധി തിരുമനസ്സിലെ എ

തിരെല്ലുവാൻ ഛാജരുണ്ടായിരുന്നു. അക്ടുബ്ര് 30-ാംനു-യും അതിന്നടുത്ത ദിവസങ്ങളിലും ദൽ ഹിയിൽ വെച്ചു നടന്ന യോഗങ്ങളിൽ തിരുമനസ്സു കൊണ്ടു ഛാജരാവുകയും വാദപ്രതിവാദങ്ങളിൽ പങ്കുകൊള്ളുകയും ചെയ്തുണ്ടായി. ഈ സഭയിൽ ആലോചിച്ച വിഷയങ്ങൾ സാമാന്യം ഗോപ്യമായിട്ടാണ് വെച്ചിരുന്നത്. ഈ സഭായോഗത്തിൽ രാജാക്കന്മാരല്ലാത്തവർക്ക് പ്രവേശം ഉണ്ടായിരുന്നില്ല എന്നാൽ കുറെരണ്ടു രാജകന്യകമാർക്കും നേത്യാരമ്മയ്ക്കും മാത്രം ഈ യോഗനടവടി കാണ്മാൻ അനുവാദം ഉണ്ടായത് അഭിമാനകരമായ ഒരു സംഭവമാണെന്നു പറയേണ്ടതില്ലല്ലൊ. ചരിത്രപ്രസിദ്ധമായ ഇന്ദ്രപ്രസ്ഥത്തിൽ (ദൽഹിയിൽ) ചരിത്രപ്രധാനമായുള്ള പലേ കാഴ്ചകളും തിരുമനസ്സുകൊണ്ടു പത്നീസമേതം ചെന്നു സന്ദർശിക്കയുണ്ടായി. വൈസറായിയുടെ വകയായി അന്നു ദൽഹിയിൽ കൂടിയിരുന്ന സാമന്തരാജാക്കന്മാരെ ക്ഷണിച്ചുവരുത്തിയുണ്ടായ സല്ക്കാരത്തിലും അവിടുന്നു പങ്കുകൊണ്ടു. ദൽഹിയിൽ നിന്നു നവേമ്പർ 6-ാംനു-മടങ്ങി ആഗ്രാപട്ടണം കാണ്മാൻ പോയി. ചരിത്രപ്രധാനമായ ഈ പട്ടണത്തിലും തിരുമനസ്സിലെക്കു കാണ്മാൻ പല കാഴ്ചകളും ഉണ്ടായിരുന്നു. കാ



തിരുമനസ്സുകൊണ്ടു ഞാറക്കലേക്ക് എഴുന്നള്ളത്ത്.

ശിരാജാവിന്റെ ആതിത്ഥ്യം സ്വീകരിച്ച് ആഗ്ര യിൽനിന്നു പ്രയാഗ (അല്ലഹബാദ്) യിൽ ചെന്ന് ആ വഴി പിന്നെ കാശിയിൽ പോയി. കുറെക്കാലം കല്ക്കത്തയിൽ എഴുന്നള്ളി അവിടെനിന്നു പുറപ്പെട്ട രാഭ, വാൽട്ടയർ, ബ്രഹ്മാന്ധ്ര, ഇവിടങ്ങളിലിറങ്ങി മദിരാശിയിൽ മടങ്ങിയെത്തി. അക്കൂട്ടത്തിൽ 8-ാംനു-ഏറണാകുളത്തുനിന്ന് വടക്കേ ഇന്ത്യയിലേക്കു പുറപ്പെട്ട നവേമ്പർ 29-ാംനു-യാണ് തിരുമനസ്സുകൊണ്ട് ഏറണാകുളത്തു മടങ്ങിയെത്തിയത്. ഈ കുന്നരമാസകാലംകൊണ്ടു വടക്കേ ഇന്ത്യയിൽ നിന്നു പലതും തിരുമനസ്സിലേക്കു ഗ്രഹിപ്പാൻ അവസരം ഉണ്ടായി. പാരോ രാജ്യക്കാരുടെ സ്വഭാവവും പല വിധമായ ഭരണസമ്പ്രദായങ്ങളും നേരിട്ടു കണ്ടു മനസ്സിലാക്കുവാൻ സാധിച്ചിട്ടുണ്ടെന്നു സംഗതി തന്നെ വലുതായ ഒരു കാര്യമാണല്ലൊ. തിരുമനസ്സുകൊണ്ടു ഏറണാകുളത്തു എഴുന്നള്ളിയ അവസരത്തിൽ തിരുമനസ്സിലെ പ്രജകളുടെ പ്രതിനിധിമാരുടെ നിലയിൽ കൊച്ചിമഹാജനസഭക്കാർ സമർപ്പിച്ച അനുമോദനപത്രത്തിൽ തിരുമനസ്സിലെ ഈ യാത്രയുടെ ഫലത്തെപ്പറ്റി ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു.

"തിരുമനസ്സിലെ ഈ യാത്രയിൽ പാരോ പ്ര

ദേശങ്ങളിലുണ്ടായ സംഭവങ്ങൾ ഔത്സുക്യത്തോടും അഭിമാനത്തോടും കൂടിയാണ് ഞങ്ങൾ ഗ്രഹിച്ചിരുന്നതെന്നു പറയേണ്ടതില്ലല്ലൊ. തിരുമനസ്സുകൊണ്ടു സഞ്ചരിച്ചിട്ടുള്ളിടത്തെല്ലാം തിരുമനസ്സിലെ അപരിമിതമായ ലോകപരിചയംകൊണ്ടും, അകൃത്രിമമായ സ്വഭാവഗ്രഹണംകൊണ്ടും, സൌമ്യമായ നടവടികളെക്കൊണ്ടും, ഏറ്റവും ആശാസ്യമായ അഭിപ്രായം തിരുമനസ്സുകൊണ്ടു അവിടങ്ങളിൽ ഉണ്ടാക്കിത്തീർത്തിട്ടുണ്ടെന്ന് അറിവാനിടയായതിൽ ഞങ്ങൾക്കുണ്ടായ സന്തോഷം കുറച്ചൊന്നുമല്ല. ചരിത്രപ്രാധാന്യം സിദ്ധിച്ച സ്ഥലങ്ങളും, പ്രധാനവും ഉപകാരപ്രദവുമായ പലവിധം പൊതുജനസ്ഥാപനങ്ങളും സന്ദർശിപ്പാനും, മേൽക്കോയ്മയുടെ പ്രതിനിധിമാരിൽ ഏറ്റവും പ്രമാണപ്പെട്ടവരും, ശ്രുതിപ്പെട്ട പല സാമന്തരാജാക്കന്മാരും ആയി അന്യോന്യം സംസാരിച്ച് അഭിപ്രായം അറിയുവാനും തിരുമനസ്സിലേക്കുണ്ടായ അവസരം തിരുമനസ്സിലേക്കെന്നല്ല തിരുമനസ്സിലെ പ്രിയപ്പെട്ട പ്രജകൾക്കും ശാശ്വതമായ ഗുണത്തിനു കാരണമായിത്തീരാതിരിക്കയില്ല." * * * * * * തിരുമനസ്സുകൊണ്ടു കല്പിച്ചുകൊടുത്ത മറുപടിയിലും ഈ യാത്രകൊണ്ടുണ്ടായ ഫലത്തെ അല്പ

മെന്നു പ്രസ്താവിക്കാതിരുന്നിട്ടില്ല. "ഈ യാത്ര യിൽ ഭരണസംബന്ധമായും വ്യവസായസംബന്ധ മായും ഉള്ള കാര്യങ്ങളിൽ പുതിയ അറിവുകൾ സമ്പാദിപ്പാനും, ഭാവിയെപ്പറ്റി പുതിയ ഒരു പ്രതീക്ഷ ഉണ്ടാകുവാനും അവസരം സിദ്ധിച്ചിട്ടുള്ളത് തീരെ നിഷ്ഫലമായിവരികയില്ലെന്നു ഞാൻ വിശ്വസിക്കുന്നു" എന്നാണ് കുറിച്ചിട്ടുള്ളത്.

92-ാമാണ്ടിലും മഹാരാജാവിനാലിന്നു തിരുമനസ്സു കൊണ്ടു കുന്നുരിൽ പുഴനാട്ടിത്താമസിക്കേയുണ്ടാ യി. എന്നാൽ മേടം 18-ാംനു- അവിടുത്തെ വലിയമ്മയായിരുന്ന അമ്മതമ്പുരാൻ തിരുമനസ്സുകൊണ്ടു തീപ്പെടുകയാൽ തൃപ്പൂണിത്തുറ മടങ്ങിവരികയും വീണ്ടും കുന്നുക്കു തന്നെ പുഴനാട്ടി 1917 ജൂൺ 12-ാംനു- വരെ അവിടെത്തന്നെ താമസിക്കുകയും ചെയ്തു.

93-ാമാണ്ടിൽ തിരുമനസ്സിലെ പ്രിയപ്പെട്ട അമ്മ തീപ്പെടുകയും അതു സംബന്ധമായുള്ള ദീക്ഷ കാരണം തൃപ്പൂണിത്തുറയിൽ തന്നെ സ്ഥിരമായി താമസിക്കേണ്ടിവരികയും ചെയ്തു.

ദിനചര്യ.

തിരുമനസ്സിലെ ജീവദശയിൽ പ്രധാനമായ ചില ഭാഗങ്ങൾ പ്രസ്താവിച്ചുകഴിഞ്ഞു. ഒരു സംഗ്ര

രണ്ടന്റെ നിലയിലും, ഒരു രാജാവിന്റെ നിലയിലും ഇങ്ങിനെ രണ്ടു പ്രകാരത്തിൽ തിരുമസ്സിലെ ജീവദശയെ ഭാഗിച്ചാൽ ഈ രണ്ടു പ്രകാരത്തിലും അവിടുന്നു ഒരു മാതൃകാപുരുഷനായിട്ടാണിരിക്കുന്നത്. സാധാരണന്റെ നിലയിൽ ബന്ധുപുത്രമിത്രാദികളോടും, രാജാവിന്റെ നിലയിൽ ഒട്ടൊഴിയാതെയുള്ള പ്രജകളോടും ഉദ്യോഗസ്ഥന്മാരോടും പെരുമാറുന്നതും അവരുടെ ക്ഷേമത്തെ എപ്പോഴും അനേപക്ഷിക്കുന്നതും ആയ സംഗതികളും തിരുമനസ്സിലെ ദിനചര്യയെപ്പറ്റി അറിവുള്ളവക്കു നല്ലപോലെ മനസ്സിലായിട്ടുണ്ടാവണം. തലേദിവസം രാത്രി വരുന്ന വർത്തമാനപത്രങ്ങളും മുഴുവൻ വായിച്ചു ലോകഗതിയും പൊതുജനങ്ങളുടെ ഇടയിലുള്ള അഭിപ്രായഗതിയും വളരെ ശ്രദ്ധയോടെ മനസ്സിലാക്കുകയാണ് രാവിലെ 6½ മണിമുതൽ 9 മണിവരെയുള്ള പ്രവൃത്തി. ഈ പ്രവൃത്തി വളരെ സാരമായിട്ടാണു അവിടുന്നു ഗണിച്ചിട്ടുള്ളത്. ഭിന്നരുചിയോടെ വർത്തിക്കുന്ന ലോകത്തിൽ എല്ലാവക്കും രുചിക്കത്തക്ക പ്രവൃത്തി ചെയ്കയെന്നതു ഏറ്റവും അസാദ്ധ്യമായ പണിയാണ്. എങ്കിലും കഴിയുന്നത്ര പൊതുജനാഭിപ്രായം അറിയേണ്ടതാവശ്യമാണല്ലോ. 9 മണിക്കു ശേഷം ചിലപ്പോൾ സമയമുണ്ടെ

ന്ന കണ്ടാൽ സഖാരിക്ക പോയി മടങ്ങിവരും. പി
ന്നെ രണ്ടു മണിക്കൂർ സമയം നീരാട്ടുകളി, തേവാ
രം, അമൃതേത്ത് എന്നീ പിൻകൃത്യങ്ങളിലേക്കായി
വിനിയോഗിക്കും. ഇതിന്ന ശേഷം ഒന്നരണ്ടു മണി
ക്കൂർ മക്കളും ബന്ധുക്കളും മറ്റു അത്യാവശ്യം വേ
ണ്ടപ്പെട്ടവരുമായുള്ള സുഖസല്ലാപങ്ങളോടെ കഴി
യും. ഈ സമയമാണ തിരുമനസ്സിലെ ഒരു സാ
ധാരണന്റെ നിലയിൽ കാണുക. സ്വാതന്ത്ര്യമാ
യി സംസാരിപ്പാനും മക്കളുമായി സല്ലപിപ്പാനും
ഇതാണ അവസരം. ഈ അവസരത്തിൽ ഗൌര
വമുള്ള വിഷയങ്ങളെ സംബന്ധിച്ചു പല സംസാര
വും അന്യന്മാരിൽനിന്ന ഗ്രഹിപ്പാനും അവസരം
ഉണ്ടായെന്ന വരാം. പിന്നെ ഒരു മണിക്കൂറോളം
വിശ്രമിക്കും. കൃത്യം രണ്ടു മണി മുതൽ സമ്പാധി
കാര്യക്കാർ രാജ്യഭരണസംബന്ധമായ കടലാസ്സു
കാര്യം തിരുമുമ്പാകെ സമർപ്പിക്കുന്നു. ഈ കടലാസ്സു
കാര്യം സശ്രദ്ധം വായിച്ചു കല്പനകാര്യം പാസ്സാക്കുക
യെന്ന പ്രവൃത്തി $5\frac{1}{2}$ മണിവരെ നീണ്ടുപോകും.
ഈ സമയത്തിനുള്ളിൽ $3\frac{1}{2}$ മണിക്കു ശേഷം തിരുമു
മ്പാകെ കാണ്മാൻ വല്ലവരും വന്നിട്ടുണ്ടെങ്കിൽ അ
വരെക്കണ്ടു സംസാരിപ്പാനുള്ള അവസരവും ഇതാ
ണ്. വൈകുന്നേരം $5\frac{1}{2}$ മണിക്കു പുറത്തേക്കെഴുന്ന

ള്ളി തോട്ടം മുഴുവൻ ചുറ്റി നടക്കും. തോട്ടക്കാരെ ല്ലാം ഈ അവസരത്തിൽ കല്പനകൾ കേൾപ്പാൻ രാജാ കൊടുത്തിട്ടുണ്ടാവും. എത്രയും താഴ്ന്ന ദാസന്മാരോടുംകൂടി ദയയോടെ സൌമ്യതയിൽ തിരുമനസ്സുകൊണ്ടു പെരുമാറുന്നതു എല്ലാവർക്കും ആശ്ചര്യം ജനിപ്പിക്കുന്ന ഒരു കാഴ്ചയാണ്. തോട്ടത്തിൽ നിന്നു സന്ധ്യാവന്ദനം തുടങ്ങിയ ദിനചര്യക്കെഴുന്നള്ളി അമൃതേത്തും കഴിച്ച് 8½ മണിക്കു മടങ്ങും. പിന്നെ പള്ളിക്കുറുപ്പിനെഴുന്നള്ളുന്നതുവരെ സ്വസന്താനങ്ങളുമായി ഓരോ വിനോദങ്ങൾ പറഞ്ഞും രസിച്ചും കഴിക്കും. ഈ അവസരത്തിലാണ് സാധാരണന്റെ നില്പയിൽ സന്താനവാത്സല്യത്തോടുകൂടിയ മാതൃകാപിതാവിനെ കാണേണ്ടത്. മക്കളെ എത്രതന്നെ ലാളിച്ചാലും തിരുമനസ്സിലേക്കു മതിയാവില്ല. മക്കളും അങ്ങിനെതന്നെ അച്ഛനെ സന്തോഷിപ്പിപ്പാൻ സന്നദ്ധമാരായി കൂടും. രാജാവും ഭരണാധികാരിയും ഈ അവസരങ്ങളിൽ കുറുകുട്ടിയെപ്പോലെ സംസാരിക്കുന്നതും പ്രവർത്തിക്കുന്നതും കാണുമ്പോൾ ഗൃഹസ്ഥാശ്രമത്തെ സ്വർഗ്ഗസദൃശമാക്കുവാൻ തിരുമനസ്സിലേക്കു പ്രത്യേകമായ വൈദഗ്ധ്യമുണ്ടെന്നു ഏവനും തോന്നാതിരിക്കയില്ല. ഏതു തരക്കാരോടും അവസരോചിതമായി

സംരക്ഷണം ചെയ്യാൻ തിരുമനസ്സിലേക്കുള്ള പാടവം ഒന്നു വേറെതന്നെയാണ്. ഭിന്നാഭിപ്രായമുള്ളവരെ സൌമ്യമായ നിലയിൽ വാദപ്രതിവാദം ചെയ്തു സ്വാഭിപ്രായത്തിൽ കൊണ്ടുവരുവാനുള്ള ശക്തി അദ്വിതീയമായവിധം അവിടെക്കണ്ട്.

ഉപസംഹാരം.

ഇരുപതു ചുരുങ്ങിയ കാലത്തിനുള്ളിൽ അനേകവിധമായ പ്രതിബന്ധങ്ങളെ ജയിച്ചും, ആവശ്യങ്ങളെ നിവൃത്തിച്ചും, ആഗ്രഹങ്ങളെ സാധിപ്പിച്ചും, പ്രജകൾക്കു സന്തോഷവും ക്ഷേമവും ഉണ്ടാക്കി, കൃത്യകർമ്മങ്ങളെ നിർവ്വഹിച്ചു മേൽക്കോയ്മയോടുള്ള കടമയെ നിറവേറി തദ്വാരാ മേൽക്കോയ്മയുടെ പ്രശംസക്കു പാത്രമായിത്തീർന്നതാലോചിക്കുമ്പോൾ തിരുമനസ്സുകൊണ്ടു അദ്വിതീയനായ ഒരു രാജ്യഭരണകുശലനാണെന്നു നിസ്സംശയം പറയാവുന്നതാണ്. ഈ അഭിപ്രായത്തിൽതന്നെയാണ് ബ്രിട്ടീഷ് ചക്രവർത്തി അവർകളുടെ തിരുനാളവസരത്തിൽ ജി. സി. ഐ. ഇ. എന്നു വലിയ ബഹുമതി തിരുമനസ്സിലേക്കു നൽകിയത്. സർ രാമവർമ്മ (ജി. സി. ഐ. ഇ.) വലിയതമ്പുരാൻ തിരുമനസ്സുകൊണ്ടു ആയുരാരോഗ്യത്തോടും ഐ

ശപ്തത്തോടും വളരെക്കാലം ഈ രാജ്യത്തെ ഭരിച്ചു കാണ്മാൻ അവിടുത്തെ പ്രിയപ്പെട്ടപ്രജകൾ ലോകനിയന്താവായ ജഗദീശ്വരനെ എന്നും പ്രാർത്ഥിച്ചു കൊണ്ടിരിപ്പാനും, തിരുമനസ്സിലെ ഷഷ്ടിപൂർത്തി സുദിനത്തെ ഉത്സവമായി കൊണ്ടാടുവാനും ഉണ്ടായ കാരണവും അത്രതന്നെയാണ്.

മംഗളംഭിശത്രുനോവിനായകോ
മംഗളംഭിശത്രുനഃസരസ്വതി
മംഗളംഭിശത്രുനഃസമുദ്രജാ
മംഗളംഭിശത്രുനൊമഹേശ്വരീ.

ശുഭം.

Acc 32509
കൊച്ചി വലിയതമ്പുരാൻ തിരുമനസ്സുകൊണ്ട്

03 അനുക്രമണിക
1 ജനനം
6 ബ്രഹ്മചര്യം
16 ഗൃഹസ്ഥാശ്രമം
32 സ്ഥാനാരോഹണം
40 ധനാഗമ മാർഗ്ഗങ്ങൾ
48 ഭരണച്ചിലവ്
49 കൃഷിവ്യവസായങ്ങൾ
54 സ്വയംഭരണസഭകൾ
59 ആതുരസംരക്ഷണം
60 യുദ്ധം
62 നിയമനിർമ്മാണം
62 വിശേഷസംഭവങ്ങൾ
65 ദൽഹിയാത്ര
71 ദിനചര്യ
75 ഉപസംഹാരം